പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 301 — 20-03-2007-ൽ മറുപടിക്ക്

## വെറ്ററിനറി സർവ്വകലാശാല

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസ്സും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) | |
| (എ) | ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ വെറ്ററിനറി സർവ്വകലാശാലകൾ ഉണ്ടെങ്കിലും കേരളത്തിൽ ഇതുവരെ അത്തരം ഒരു സർവ്വകലാശാല സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്ത് ഒരു വെറ്ററിനറി സർവ്വകലാശാല തുടങ്ങുവാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | കേരളത്തിൽ വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി 2006 ഏപ്രിൽ മാസത്തിൽ സർക്കാരിന് റിപ്പോർട്ട് നൽകി. തുടർന്ന് മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. പ്രസ്തുത സർവ്വകലാശാല സ്ഥാപിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സ്പെഷ്യൽ ആഫീസർ 12/2/07-ൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. നിർദ്ദിഷ്ട സർവ്വകലാശാല സ്ഥാപിക്കാനുള്ള കരട് ബില്ല് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 302 20.03.2007ൽ മറുപടിയ്ക്ക്

## വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിലെ സുതാര്യത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.പി.പത്മനാഭൻ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ.പി.ടി.എ.റഹീം<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.ജോർജ് എം.തോമസ് | ശ്രീ. പാലൊളി മുഹമ്മദ്കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്ഥാപനങ്ങൾ വഴി നൽകിയ വ്യക്തിഗത ആനു കൂല്യങ്ങൾ ദരിദ്ര ജന വിഭാഗങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിന് ഉതകിയില്ല എന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 2004-05-ലെ സമാഹൃത റിപ്പോർട്ടിലെ അവ ⌒ ലോകനം സർക്കാറിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) വിവിധ ആനുകൂല്യങ്ങൾക്കായി ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന പ്രക്രിയ സുതാര്യ മാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നിലവിലുള്ള ഉത്തരവുകൾ പ്രകാരം (2.9.1998-ലെ ജി.ഒ.(പി)181/98/ തസ്വഭവ, 9.7.99 ലെ ജി.ഒ.(പി) 138/99/തസ്വഭവ) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന പ്രക്രിയ സുതാര്യമാണ്. പതിനൊന്നാം പദ്ധതിയിൽ ഈ പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| സി) ഒരേ ഗുണഭോക്താക്കൾ ഒന്നി | സി) ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിത |

| | | |
|---|---|---|
| | ലധികം പദ്ധതികളുടെ ആനുകൂല്യം കൈപ്പറ്റുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് ആനുകൂല്യങ്ങൾ നൽകുന്നത്. ആകയാൽ ഒന്നിലധികം ആനുകൂല്യങ്ങൾ ഒരേ ഗുണഭോക്താൾക്ക് വിവിധ പദ്ധതികളിൽ നൽകുന്നതിന് തടസ്സമില്ല.എന്നാൽ ഒരേ ആനുകൂല്യം ഒന്നിലധികംതവണ നൽകാവുന്നതല്ല. |
| ഡി) | ആനുകൂല്യം ലഭിച്ച പദ്ധതിക്കു തന്നെ ഗുണഭോക്താക്കൾ തുക ചെലവഴിച്ചു എന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) അർഹരായ ആവശ്യക്കാർക്ക് ആനുകൂല്യം നൽകുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്. വിവിധ ആനുകൂല്യങ്ങൾക്കുള്ള തുകയുടെ യഥാവിധിയുള്ള വിനിയോഗം മോണിറ്ററിംഗ് സമിതികൾ വിവിധ ഘട്ടങ്ങളിലും പൂർത്തീകരണ സമയത്തും വിലയിരുത്തുന്നുണ്ട്. ഒരു ഉദ്യോഗസ്ഥൻ കൺവീനറായുള്ള ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നത്. കൂടാതെ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനും ആവശ്യമായ പരിശോധന നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 303

20-3-2007ൽ മറുപടിക്ക്

## ക്ഷീര കർഷകർക്ക് ക്ഷേമ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.കെ.പ്രേംനാഥ്<br>ശ്രീ. എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ.കെ.പി. മോഹനൻ. | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണ വും ക്ഷീരവികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു | (എ) ക്ഷീരകർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് ക്ഷീരകർഷക ക്ഷേമ നിധി ഓർഡിനൻസ് നടപ്പാക്കിയത്. പ്രസ്തുത ഓർഡിനൻസിലെ അപാകതകൾ വിശദമായി പഠിച്ചു ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനകരമായ രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ബില്ല് സർക്കാർ പരിഗണനയിലാണ്. |
| (ബി) ക്ഷീര കർഷകർക്കായി ഒരു സമഗ്ര ക്ഷേമ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ക്ഷീരകർഷകർക്ക് കൂടുതൽ പ്രയോജനകരമായ രീതിയിലുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ക്ഷീര കർഷകർക്കായി നടപ്പിലാക്കിയിട്ടുള്ള ക്ഷേമ പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ? | (സി) നിലവിലുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിലെ അംഗങ്ങളായ ക്ഷീര കർഷകർക്ക് ക്ഷേമനിധിയിൽ അംഗമാകാനും അവർ 10 വർഷമെങ്കിലും പ്രതിവർഷം 500 ലിറ്ററിനുമേൽ പാൽ സംഘത്തിനു നൽകുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് പ്രതിമാസം 250/-രൂപാ നിരക്കിൽ പെൻഷനും പെൻഷന് അർഹതപ്പെട്ടയാളോ, പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്ന ആളോ |

മരണപ്പെട്ടാൽ അദ്ദേഹത്തിന്റെ അർഹരായ നോമിനിയ്ക്ക് പ്രതിമാസം 125/-രൂപാ നരക്കിൽ കുടുംബപെൻഷനും നൽകി വരുന്നു.

കൂടാതെ ക്ഷേമനിധിയിൽ അംഗമായശേഷം സ്ഥായിയായ അവശത അനുഭവിക്കുന്ന ക്ഷീര കർഷകന് ഒറ്റത്തവണ 5000/- രൂപ ധനസഹായം നൽകുവാനും വ്യവസ്ഥയുണ്ട്. ആയതിൻ പ്രകാരം സംസ്ഥാനത്തെ ക്ഷീരസഹകരണസംഘങ്ങളിൽപ്പെട്ട 1,23,769 ക്ഷീരകർഷകർ ക്ഷേമനിധിയിൽ അംഗങ്ങളായി ചേരുകയും ഇതിൽ 17,456 പേർക്ക് പെൻഷനും 30 നോമിനികൾക്ക് കുടുംബപെൻഷനും നൽകിയിട്ടുണ്ട്. കൂടാതെ ഒരു കർഷകന് സാമ്പത്തിക സഹായവും അനുവദിച്ചിട്ടുണ്ട്.

ലെയ്സൺ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.304 — 20.3.2007-ൽ മറുപടിയ്ക്ക്

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ.<br>ശ്രീമതി.പി.അയിഷാ പോറ്റി.<br>ശ്രീ.എം.ചന്ദ്രൻ.<br>ശ്രീ.പി.ജയരാജൻ.<br>പ്രൊഫ.സി.രവീന്ദ്രനാഥ്. | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ടോ; | (എ) ഉണ്ട്. |
| (ബി) പദ്ധതി നിർവ്വഹണത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് വരുത്തുന്ന വീഴ്ചകൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് പദ്ധതി നിർവഹണം നടത്തുന്നില്ല. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പദ്ധതി നിർവ്വഹണം സംബന്ധിച്ച വീഴ്ചകൾ പരിശോധിച്ചിട്ടുണ്ട്. |
| (സി) ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; പതിനൊന്നാം പദ്ധതിയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടും അധികാരവും നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) വിവിധ തലങ്ങളിലുള്ള ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്ക് വികേന്ദ്രീകൃതാസൂത്രണത്തിൽ പരിശീലനം നൽകുന്നു. ഗുണഭോക്തൃ തിരഞ്ഞെടുപ്പിൻമേലുള്ള പരാതി ഓംബുഡ്സ്മാൻ പരിശോധിക്കുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റി ഓരോ മാസവും യോഗം കൂടി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നു. വകുപ്പു മന്ത്രിയും സെക്രട്ടറിയും ഓരോ ജില്ലകളും സന്ദർശിച്ച് അവലോകന യോഗങ്ങൾ നടത്തി. ആറു മാസത്തിലൊരിക്കൽ പെർഫോമൻസ് ഓഡിറ്റ് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഓഡിറ്റ് നടത്തുന്നു. എല്ലാ വർഷവും അക്കൗണ്ടന്റ് |

ജനറലിന്റെയും ലോക്കൽ ഫണ്ട് ഓഡിറ്റിന്റെയും പരിശോധന നടന്നു വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പും ഗ്രാമവികസന വകുപ്പും സംയോജിപ്പിച്ചു.

പതിനൊന്നാം പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടും അധികാരവും നൽകുന്ന കാര്യം പരിഗണനയിലാണ്.

(ഡി) ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം?

(ഡി) ഉദ്ദേശിക്കുന്നുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളെയും ശക്തിപ്പെടുത്തുക എന്നതാണ് സർക്കാരിന്റെ നയം. ബ്ലോക്ക് പഞ്ചായത്തുകളെ ശക്തിപ്പെടുത്താനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) ബ്ലോക്കിന്റെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രവർത്തനം സംയോജിപ്പിച്ചു.

2) കേന്ദ്രാവിഷ്കൃത പദ്ധതി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ വികസന പദ്ധതിയുമായി സംയോജിപ്പിച്ചു.

3) ബ്ലോക്ക് കമ്പ്യൂട്ടറൈസേഷൻ നടത്തുകയും SWAN ന്റെ നോഡ് (Node) ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനത്തിൽ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 305 | 20.03.2007-ൽ മറുപടിക്ക്

"തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ലൈബ്രറികൾ"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സാജു പോൾ<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ<br>ശ്രീ.എം.എം.മോനായി<br>കെ.വി.കുഞ്ഞിരാമൻ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും<br>വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ പഞ്ചായത്ത്-മുനിസിപ്പൽ ലൈബ്രറികളുടെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ നിലവിലുള്ള ലൈബ്രറികളുടെ എണ്ണം എത്ര; കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേഷനുള്ള പഞ്ചായത്ത്-മുനിസിപ്പൽ ലൈബ്രറികൾ എത്രയാണ്; | (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ 1146 ലൈബ്രറികളാണുള്ളത്. കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ അഫിലിയേഷനുള്ള പഞ്ചായത്ത് ലൈബ്രറികളുടെ എണ്ണം 352 ആണ്. അഫിലിയേഷനുള്ള മുനിസിപ്പൽ ലൈബ്രറികളുടെ എണ്ണം 54 ആണ്. |
| (സി) പ്രസ്തുത ലൈബ്രറികൾക്ക് പ്രത്യേകമായി സെക്രട്ടറിയുടെ തസ്തിക ഇല്ലാത്തതുമൂലമുള്ള വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) പഞ്ചായത്ത്-മുനിസിപ്പൽ സെക്രട്ടറിമാർ ലൈബ്രറി സെക്രട്ടറിമാരായും പ്രവർത്തിക്കുന്ന സ്ഥിതി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) പഞ്ചായത്ത്-ഗ്രന്ഥശാലാ ഭരണ സമിതികളുടെ സെക്രട്ടറിമാരായി ബൈലാ പ്രകാരം അതത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരാണ് ചുമതല വഹിക്കേണ്ടത്. ഈ സ്ഥിതി ഒഴിവാക്കേണ്ടുന്നതല്ല. എന്നാൽ നഗരസഭാ സെക്രട്ടറി ലൈബ്രറി സെക്രട്ടറിയായി പ്രവർത്തിക്കുന്നില്ല. |

| | | | |
|---|---|---|---|
| (ഇ) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിലും നിലവിൽ ലൈബ്രറി പ്രവർത്തിക്കാത്ത പ്രദേശങ്ങളിലുണ്ട്, മുനിസിപ്പാലിറ്റികളിലും പുതിയതായി ഗ്രന്ഥശാലകൾ അനുവദിക്കാൻ നിർദ്ദേശം നൽകുമോ; | (ഇ) | നടപടികൾ കൈക്കൊണ്ടുവരുന്നു. ഗ്രന്ഥശാലാസംഘത്തിന്റെ പരിഗണനയിലുള്ളതാണ്. |
| (എഫ്) | ത്രിതല പഞ്ചായത്തുകളുടെ ഫണ്ടിൽ നിന്ന് അംഗീകാരമുള്ള വായനശാലകൾക്ക് കെട്ടിടങ്ങളും, പുസ്തകം, ഫർണിച്ചർ മുതലായവയും നൽകുന്നതിന് നിയന്ത്രണങ്ങൾ ഉണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കി ഗ്രന്ഥശാലകളെ സഹായിക്കാൻ നടപടി സ്വീകരിക്കുമോ? | (എഫ്) | ഇതിന് നിയന്ത്രണങ്ങളില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: 306 — **20-3-2007-** ൽ മറുപടിക്ക്

### അനധികൃത കെട്ടിട നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ജയരാജൻ :<br>ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. എം. ഹംസ :<br>ശ്രീ. കെ. കുഞ്ഞിരാമൻ :<br>ശ്രീ. എ. എം. യൂസഫ് | ശ്രീ. പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി) |
| (എ) അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നതിനും ഫലപ്രദവും ശക്തവുമായ നടപടിക്രമങ്ങൾ ഇപ്പോൾ തന്നെ കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസിലുണ്ട്. അവ ഫലപ്രദമായി നടപ്പാക്കുന്നതിനായി ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് ടൗൺ പ്ലാനർ വഴിയും വിജിലൻസ് ഓഫീസർ വഴിയും അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാൻ കർശന നിർദ്ദേശം നൽകിയിട്ടു |

ണ്. കെ. എം. ബി. ആർ-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരടങ്ങിയ ഒരു സ്ക്വാഡ് രൂപീകരിക്കുകയും അവ എല്ലാ നഗരസഭകളിലും പ്രവർത്തിച്ചു വരുകയും ചെയ്യുന്നുണ്ട്.

അവധി ദിവസങ്ങളിൽ അനധികൃത നിർമ്മാണം നടത്താൻ സാധ്യത കൂടുതലായതിനാൽ ഈ ദിവസങ്ങളിൽ പരിശോധനയ്ക്കായി ഉദ്യോഗസ്ഥന്മാരെ നിയോഗിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പൂർണ്ണമായും തടയുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമവും ഫലപ്രദമാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ കോർപ്പറേഷനുകളിലും, ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന നഗരസഭകളിലും ഒന്നാം ഗ്രേഡ് നഗരസഭകളിലും പ്രിവന്റീവ് സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) റോഡിൽ നിന്നും നിശ്ചിത ദൂരം വിടാതെയും പാർക്കിംഗ് ഏരിയകൾ നിലനിർത്താതെയും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മി

(ബി) അനധികൃതമായ (അംഗീകൃത പ്ലാനിൽ നിന്നും വ്യതിചലിച്ചുള്ള നിർമ്മാണങ്ങൾ ഉൾപ്പെടെ) ഏതൊരു കെട്ടിടത്തിനെതിരെയും

| | |
|---|---|
| ച്ചിട്ടുള്ളവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | നിയമാനുസൃതമായ നടപടികൾ സ്വീകരിക്കാനുള്ള ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുണ്ട്. ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ സർക്കാർ ഉത്തരവുകളിലൂടെയും സർക്കുലറുകളിലൂടെയും കർശനമായ നിർദ്ദേശം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. |
| (സി) ഫ്ലാറ്റുകളുടെ നിർമ്മാണത്തിന് അനുമതി നൽകുന്നതിന് പാലിക്കേണ്ട ചട്ടങ്ങൾ ഏതെല്ലാമാണ്; | (സി) 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, നഗരസൂത്രണ പദ്ധതികൾ എന്നിവയിലാണ് ഫ്ലാറ്റുകൾ നിർമ്മിക്കുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ, കെട്ടിട നിർമ്മാണ ചട്ടങ്ങളുമായി ബന്ധപ്പെട്ട മറ്റു കേന്ദ്ര-സംസ്ഥാന സർക്കാർ നിയമങ്ങളും ഫ്ലാറ്റുകൾ നിർമ്മിക്കുവാൻ അനുമതി നൽകുമ്പോൾ പാലിക്കേണ്ടതുണ്ട്. |
| (ഡി) ഇത് കൃത്യമായി പാലിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഡി) കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തവർക്കെതിരെ നടപടി സ്വീകരിക്കാറുണ്ട്. |

ഡോക്ടർ കെ.ടി. ജലീൽ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.307 — 20.03.2007–ൽ മറുപടിക്ക്

**സംസ്ഥാനത്തെ റിക്രൂട്ടിംഗ് ഏജൻസികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ. ശക്തൻ:<br>ശ്രീ. അടൂർ പ്രകാശ്:<br>ശ്രീ. പ്രൊഫ. കെ. വി. തോമസ്:<br>ശ്രീ. കെ. സുധാകരൻ: | | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെന്നും അതിൽ ലൈസൻസുള്ള റിക്രൂട്ടിംഗ് ഏജൻസികൾ എത്രയെന്നും വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് 114 റിക്രൂട്ടിംഗ് ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. ഇവ എല്ലാം തന്നെ ലൈസൻസ് ഉള്ള ഏജൻസികൾ ആണ്. |
| (ബി) | വിദേശത്തേക്ക് വ്യാജവിസ നൽകി ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉദ്യോഗാർത്ഥികളെ വ്യാജവിസ നൽകി കബളിപ്പിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പത്രങ്ങളിൽ വ്യാജ പരസ്യം നല്കി ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്നത് തടയാൻ എന്തൊക്കെ നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നു? | (സി) | വ്യാജ പത്രപരസ്യം നൽകിയോ അല്ലാതയോ ഉദ്യോഗാർത്ഥികളെ കബളിപ്പിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഇവർക്കെതിരെ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജ റിക്രൂട്ടിംഗ് തടയുന്നതിന് സ്പെഷ്യൽ ബ്രാഞ്ച് പോലീസ് ഉദ്യോഗസ്ഥരെയും നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ. 308

20/03/2007 ൽ മറുപടിക്ക്.

## കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.രാഘവൻ<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ<br>ശ്രീമതി.ജെ.അരുന്ധതി | | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(ബഹു: മുഖ്യമന്ത്രി) |
| (എ) കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണത്തിനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | : | (എ) 74.18 കി.മീ. ദൈർഘ്യമുള്ള കോവളം-കൊല്ലം ജലപാതയുടെ നിർമ്മാണത്തിനായി ഒന്നാം ഘട്ടത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br>(i) കോവളം മുതൽ വേളി വരെയുള്ള 16.05 കി.മീ. ദൂരം കേന്ദ്രാവിഷ്കൃത ധനസഹായത്തോടുകൂടി (90-10 പദ്ധതി) 1.75 മീറ്റർ ആഴത്തിൽ കനാലിന്റെ ചെളിനീക്കം ചെയ്യുകയും അത്യാവശ്യം വേണ്ടുന്ന ഭാഗങ്ങളിൽ സംരക്ഷണ ഭിത്തികെട്ടി നവീകരിക്കാനുള്ള പ്രവർത്തനങ്ങളും നടന്നു വരുകയും ചെയ്യുന്നുണ്ട്.<br>(ii) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടുകൂടി വേളി മുതൽ അഞ്ചുതെങ്ങ് കായൽ വരെയും, ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള കനാലിന്റെ ആഴംകൂട്ടി ഇരുകരകളിലും സംരക്ഷണഭിത്തികെട്ടി നവീകരിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>അഞ്ചുതെങ്ങ് മുതൽ ഇരവിപുരം വരെയുള്ള ജലപാതയുടെ നവീകരണ പ്രവർത്തനങ്ങൾ 2-ാം വർഷ പദ്ധതി പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയും ; | : (ബി) കോവളം-കൊല്ലം ജലപാതയിൽ അഞ്ചുതെങ്ങ് കായൽ മുതൽ ഇരവിപുരം കായൽ വരെയുള്ള ഭാഗം ഒഴികെയുള്ള ബാക്കി ജലപാതയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. |
| (സി) കോവളം-വേളി ഭാഗത്തെ നവീകരണ പ്രവർത്തനങ്ങൾ എത്രത്തോളം പൂർത്തിയായിട്ടുണ്ട് ; | : (സി) കോവളം മുതൽ വേളി വരെയുള്ള 16.05 കി.മീ. ഭാഗം 5 റീച്ചുകളായി തിരിച്ചതിൽ 2 റീച്ചുകളിലെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. (വേളി മുതൽ എസ്.എം. ലോക്ക് വരെയുള്ള ഭാഗങ്ങൾ) |
| (ഡി) കോവളം-കൊല്ലം ജലപാതയിലൂടെയുള്ള ബോട്ട് സർവ്വീസ് എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ; | : (ഡി) 12-ാം ധനകാര്യ കമ്മീഷന്റെ ധനസഹായത്തോടു കൂടിയുള്ള കോവളം നീലേശ്വരം ജലപാതയുടെ വികസനം, 2006-2010 കാലയളവിൽ നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. എങ്കിലും കോവളം മുതൽ കൊല്ലം വരെയുള്ള ജലപാതയുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് തന്നെ കോവളം-കൊല്ലം ജലപാതയിലൂടെയുള്ള ബോട്ട് സർവ്വീസ് ആരംഭിക്കുവാൻ സാധിക്കും. |
| (ഇ) ജലപാത നിർമ്മാണത്തിന്റെ മൊത്തം ചെലവ് എത്രയാണ് ? | : (ഇ) പ്രസ്തുത ജലപാതയുടെ നിർമ്മാണത്തിനായി ഏകദേശം 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 309 — 20.3.2007 ൽ മറുപടിക്ക്

സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന പാലുൽപ്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴിക്കാടൻ<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതൊക്കെ തരത്തിലുള്ള പാലുൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നത്; | (എ) മിൽക്ക് ചോക്ളേറ്റ്, നെയ്യ്,തൈര് സംഭാരം,പേഡ,ഐസ് ക്രീം, വെണ്ണ, യോഗർട്ട്, ഗുലാബ്ജാമുൻ, മിൽക്ക് ഹൽവ,ലസ്സി, പനീർ, സിപ്അപ്പ്,സ്റ്റെറിലൈസ്ഡ് മിൽക്ക്, കാർഡമം മിൽക്ക്, ചോക്ലേറ്റ് മിൽക്ക് തുടങ്ങിയ പാലുൽപ്പന്നങ്ങൾ സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്നു. |
| (ബി) ഈ രംഗത്ത് ഏതെല്ലാം സർക്കാർ, സർക്കാരിതര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്; | (ബി) മേഖലാ ക്ഷീരോല്പാദക യൂണിയനുകളുടെ ഡയറികൾ, അവയുടെ ക്ഷീരോല്പന്ന ഫാക്ടറികൾ, സ്വകാര്യ ഡയറികൾ, ക്ഷീരസഹകരണസംഘങ്ങളുടെ ഉടമസ്ഥതയിലുള്ള ഡയറികൾ, ക്ഷീരവികസനവകുപ്പിന്റെ സഹായത്തോടെ ആരംഭിച്ച വനിതാ ക്ഷീരോല്പന്ന യൂണിറ്റുകൾ, സ്വകാര്യ വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ മുതലായവർ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട് |
| (സി) പ്രസ്തുത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്; ഇത് തികച്ചും പര്യാപ്തമാണോ; | (സി) അതാത് ഡയറികളിൽതന്നെയുള്ള ഗുണ പരിശോധന ലബോറട്ടറികൾ, ക്ഷീരവികസന വകുപ്പിലെ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്ന ഗുണനിലവാര പരിശോധനയൂണിറ്റുകൾ, ആലത്തൂർ ഡയറി ലബോറട്ടറി, ആരോഗ്യവകുപ്പിന്റെ കീഴിലുള്ള റീജിയണൽ ലബോ.. |

| | |
|---|---|
| | റട്ടറികൾ എന്നിവ മുഖേന ഗുണനിലവാര പരിശോധന നടത്തുന്നു. |
| **(ഡി) ഇവയിൽ ഏതെങ്കിലും ഉൽപ്പന്നം ആരോഗ്യത്തിന്** ഹാനികരമാണെന്നുള്ള നിഗ**മനത്തിൽ** നിരോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) സംസ്ഥാനത്ത് ഉല്പാദിപ്പിച്ച് വിപണനം നടത്തുന്ന പാലുല്പന്നങ്ങൾ ആരോഗ്യത്തിന് ഹാനി കാണുകയോ നിരോധിക്കുകയോ ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 310 20-3-2007 -ൽ മറുപടിക്ക്

**സപ്ലൈകോയിലെ അരി ഇടപാട്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വർക്കല കഹാർ<br>ശ്രീ. എം. മുരളി<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ.കെ. ശിവദാസൻ നായർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |

(എ) സപ്ലൈകോ 2006 -ൽ റൂബി റൈസ്, അതിഥി എന്നീ കമ്പനികളുടെ എത്ര ക്വിന്റൽ അരി വാങ്ങിയിട്ടുണ്ട്;

(എ) റൂബി റൈസ് : 1565 ക്വിന്റൽ.

അതിഥി റൈസ് : 17,841 ക്വിന്റൽ.

(ബി) എന്ത് വിലയ്ക്കാണ് ഈ അരി വാങ്ങിയതെന്നും എന്ത് വിലയ്ക്കാണ് വിറ്റതെന്നും അറിയിക്കുമോ ?

(ബി)

| | റൂബി റൈസ് രൂപ | അതിഥി റൈസ് രൂപ |
|---|---|---|
| വാങ്ങിയ വില (കിലോ) | 12.60 മുതൽ 13.99 വരെ | 12.54 മുതൽ 13.75 വരെ |
| വിൽപ്പന വില (കിലോ) | 13.50 മുതൽ 14.96 വരെ | 13.40 മുതൽ 14.75 വരെ |

സെക്ഷൻ ഓഫീസർ

## 12-ാം കേരള നിയമസഭ

## 4-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 311 — 20-3-2007 ൽ മറുപടിയ്ക്ക്.

**കേന്ദ്ര - സംസ്ഥാന ജീവനക്കാരുടെ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പദ്ധതി.**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. കെ. കുഞ്ഞമ്മദ് മാസ്റ്റർ:<br>ശ്രീ. അൽഫോൺസ് കണ്ണന്താനം:<br>ശ്രീ. കെ. കെ. ദിവാകരൻ:<br>ശ്രീ. കെ ടി. ജലീൽ | ശ്രീ. വി.എസ്സ്. അച്യുതാനന്ദൻ<br>ബഹുമാനപ്പെട്ട മുഖ്യമന്ത്രി. |
| (എ) | കേന്ദ്ര - സംസ്ഥാന ജീവനക്കാരുടെ സാമൂഹ്യ സുരക്ഷാ പദ്ധതിയായ സ്റ്റാറ്റ്യൂട്ടറി പെൻഷന് പകരം പങ്കാളിത്ത പെൻഷനും പെൻഷൻ സ്വകാര്യവൽക്കരണവും നടപ്പിലാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഡൽഹിയിൽ ചേർന്ന മുഖ്യ മന്ത്രിമാരുടെ സമ്മേളനത്തിൽ കേരള മുഖ്യ മന്ത്രി പങ്കെടു ത്തിരുന്നോ; | മുഖ്യമന്ത്രിയെ പ്രതിനിധീകരിച്ച് ധനവകുപ്പ് മന്ത്രി പങ്കെടുത്തിരുന്നു. |
| (ബി) | പ്രസ്തുത യോഗത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | നിലവിലുള്ള പെൻഷൻ ചട്ടങ്ങൾ അനുസരിച്ച് സർക്കാർ ജീവനക്കാരുടെ മരണം വരെ അവർക്ക് പെൻഷനും, മരണാനന്തരം കുടുംബാംഗങ്ങൾക്ക് കുടുംബപെൻഷനും നൽകി വരുന്നുണ്ട്. ജീവനക്കാരിൽ നിന്നും യാതൊരു പെൻഷൻ വിഹിതവും ഈടാക്കാതെയാണ് സർക്കാർ ഈ പെൻഷൻ നല്കിവരുന്നത്. റിട്ടയർമെന്റ് ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കു വിധേയമായി മുൻകൂട്ടി നിശ്ചയിക്കപ്പെടുകയും റിട്ടയർമെന്റ് കഴിഞ്ഞാൽ ഇത് കൃത്യമായി നൽകുകയും ചെയ്യുന്നു. എന്നാൽ കേന്ദ്ര സർക്കാർ മുന്നോട്ടു വച്ച പുതിയ പെൻഷൻ പദ്ധതി |
| (സി) | ഇതിനോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | |

| | | |
|---|---|---|
| (ഡി) | നിലവിലുള്ള പെൻഷൻ പദ്ധതിയിൽ എന്തെങ്കിലും മാറ്റം വരുത്താൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | പ്രകാരം എല്ലാ ജീവനക്കാരും പ്രതിമാസ ശമ്പളത്തിന്റെ 10 ശതമാനം പെൻഷൻ വിഹിതമായി നൽകേണ്ടതും തത്തുല്യമായ തുക സർക്കാർ നൽകുന്നതും ചേർത്ത് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുന്നതാണ്. പെൻഷൻ ഫണ്ടിലെ വിഹിതം ജീവനക്കാരുടെ ഇഷ്ടാനുസരണം സർക്കാർ ബോണ്ടുകളിലോ ഓഹരികളിലോ കടപ്പത്രങ്ങളിലോ നിക്ഷേപിക്കേണ്ടതും ഇതിൽ നിന്നും ലഭിക്കുന്ന ആദായം കൂടി ഈ ഫണ്ടിൽ മുതൽക്കൂട്ടുന്നതുമാണ്. ഇപ്രകാരമുള്ള നിക്ഷേപവും അതിന്മേലുള്ള ആദായവും റിട്ടയർ ചെയ്യുന്ന സമയത്ത് പിൻവലിക്കുകയോ നിക്ഷേപത്തിന് ആനുപാതികമായി പെൻഷൻ സ്വീകരിക്കുകയോ ചെയ്യാവുന്നതാണ്. പ്രൊവിഡന്റ് ഫണ്ട് നിക്ഷേപം നിലവിലുള്ള നിശ്ചിത നിരക്കിനു പകരം ജീവനക്കാരുടെ സൗകര്യമനുസരിച്ച് ചെയ്യുന്നതിനും ഇതിൽ നിർദ്ദേശിക്കുന്നു.<br><br>റിട്ടയർ ചെയ്ത ജീവനക്കാരെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ കടമയാണെന്ന് ഗവൺമെന്റ് കരുതുന്നു. ദീർഘ നാളത്തെ സേവനത്തിനു ശേഷം പിരിയുന്ന ഇവരുടെ പെൻഷനിൽ അനിശ്ചിതത്വം ഉണ്ടാകരുതെന്നാണ് സർക്കാർ നയം. പെൻഷൻ ഫണ്ട് സ്വകാര്യ മേഖലയിൽ നിക്ഷേപിക്കാൻ ഇടയാകുന്നതിനാൽ ഇത് കമ്പോളത്തിലെ ചാഞ്ചാട്ടങ്ങൾക്കു വിധേയമാണ് പുതിയ പദ്ധതി നിശ്ചിത പെൻഷൻ വരുമാനം ഉറപ്പു നൽകുന്നുമില്ല. ഈ സാഹചര്യത്തിൽ പുതിയ പെൻഷൻ പദ്ധതിയോട് സർക്കാർ യോജിക്കുന്നില്ല. ഈ സമീപനം പ്രസ്തുത യോഗത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.312 20-03-2007-ൽ മറുപടിക്ക്

## 'യുവശ്രീ' പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.ബാബു എം.പാലിശ്ശേരി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) 'യുവശ്രീ' പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | എ) കാലാകാലങ്ങളിൽ വിലയിരുത്താറുണ്ട്. കുടുംബശ്രീയുടെ പ്രതിമാസ പദ്ധതി അവലോകനയോഗങ്ങളിലെ പ്രധാന അജണ്ടയായി യുവശ്രീ പദ്ധതിയുടെ നടത്തിപ്പും, അവലോകനവും ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീയുടെ അതാത് ജില്ലാ മിഷൻ കോർഡിനേറ്റർക്കാണ് യുവശ്രീ പദ്ധതിയുടെ മേൽനോട്ട ചുമതല. |
| ബി) സ്വയം തൊഴിൽ സംരംഭങ്ങൾക്കായി പ്രസ്തുത പദ്ധതിയിൻകീഴിൽ ലഭിക്കുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | ബി) 18 വയസ്സിനും 35 നും ഇടയിൽ പ്രായമുള്ള അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാർ യുവശ്രീ പദ്ധതി ആരംഭിച്ചത്. കുറഞ്ഞത് 10-ാം ക്ലാസ്സ് വരെയെങ്കിലും വിദ്യാഭ്യാസ യോഗ്യതയുള്ള കുടുംബശ്രീയുടെ അയൽക്കൂട്ട കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഈ പദ്ധതിയിലൂടെ വിവിധ സൂക്ഷ്മ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരമാവധി 1 ലക്ഷം രൂപവരെ സബ്സിഡി അനുവദിക്കാറുണ്ട്. |

| | | | |
|---|---|---|---|
| സി | ഈ പദ്ധതി പ്രയോജനപ്പെടുത്തി എന്തെല്ലാം സംരംഭങ്ങളാണ് നടത്തിവരുന്നത്; | സി | യുവശ്രീ പദ്ധതിയിലൂടെ ചെറുതും വലുതുമായ 570 സംരംഭങ്ങൾ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി പ്രവർത്തിക്കുന്നുണ്ട്. ഫുഡ് സപ്ലിമെന്റ് യൂണിറ്റുകൾ, ആയുർവേദ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ബസ്സ്സർവ്വീസ് യൂണിറ്റുകൾ, കൺസ്ട്രക്ഷൻ വർക്ക്, ഇലക്ട്രോണിക് ഉപകരണങ്ങളുടെ സർവ്വീസ്സിംഗ് യൂണിറ്റുകൾ, കമ്പ്യൂട്ടർ/ഡാറ്റാ എൻട്രി/ഡി.ടി.പി യൂണിറ്റുകൾ, കല്ലുമ്മക്കായ വളർത്തൽ, ആട്/മുയൽ/പശു വളർത്തൽ യൂണിറ്റുകൾ, കാടക്കോഴി വളർത്തൽ, പൗൾട്രി ഫാം, തേനീച്ച വളർത്തൽ, മെഴുകുതിരി നിർമ്മാണം, സോപ്പ് നിർമ്മാണം, സാനിട്ടറി ലോഷ്യൻ നിർമ്മാണം, പേപ്പർബാഗ് നിർമ്മാണം, ബുക്ക് ബൈന്റിംഗ് യൂണിറ്റുകൾ, കാന്റീൻ കാറ്ററിംഗ് യൂണിറ്റുകൾ, ഫാൻസി സ്റ്റോറുകൾ, പലചരക്ക് കടകൾ, ഹെൽത്ത് കെയർ യൂണിറ്റുകൾ, നെയ്ത്ത്/കൈത്തറി യൂണിറ്റുകൾ, കയർ/കയറ്റുമെത്ത നിർമ്മാണ യൂണിറ്റുകൾ, അച്ചാർ നിർമ്മാണ യൂണിറ്റുകൾ, കൊപ്ര സംസ്കരണം/വെളിച്ചെണ്ണ നിർമ്മാണ യൂണിറ്റുകൾ, വെൽഡിംഗ് യൂണിറ്റുകൾ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം തുടങ്ങി 570 സംരംഭങ്ങൾ യുവശ്രീ പദ്ധതി പ്രകാരം സംസ്ഥാനത്തുടനീളം വിവിധ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| ഡി | 'യുവശ്രീ' പദ്ധതിക്കായി ഡി എന്തു തുകയാണ് നീക്കിവ ച്ചിട്ടുള്ളത് എന്ന് വെളിപ്പെ ടുത്തുമോ? | ഡി 2004-05 സാമ്പത്തിക വർഷ ത്തിൽ 13.75 കോടി രൂപയും 2005-06-ൽ 5 കോടി രൂപയും 2006-07 വർഷത്തിൽ 5 കോടി രൂപയും യുവശ്രീ പദ്ധതിയുടെ നട ത്തിപ്പിനായി ബജറ്റിൽ വകയി രുത്തി കുടുംബശ്രീക്ക് ലഭിച്ചിട്ടു ണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 313 — 20-03-2007-ൽ മറുപടിക്ക്

## പൗൾട്രി വില്ലേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. എം. മാണി<br>ശ്രീ. സി. എഫ്. തോമസ്<br>ശ്രീ. എൻ. ജയരാജ്<br>ശ്രീ. തോമസ്സ് ഉണ്ണിയാടൻ | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ളൈസ്സും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) എന്തെല്ലാം മാനദണ്ഡങ്ങളാണ് പൗൾട്രി വില്ലേജിന്റെ തെരഞ്ഞെടുപ്പിൽ പാലിയ്ക്കപ്പെടേണ്ടത്; | (എ) അടുക്കള മുറ്റത്തെ കോഴി വളർത്തൽ പദ്ധതി വിപുലീകരിച്ച് രണ്ട് വർഷം കൊണ്ട് മുട്ടയുല്പാദനം ഇരട്ടിയാക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് പൗൾട്രി വില്ലേജ് എന്ന പദ്ധതി. ഇതു പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഒരു പഞ്ചായത്തിലെ 3000 ഗുണഭോക്താക്കൾക്ക് (ഒരാൾക്ക് 10 കോഴി) 30,000 കോഴികളെ നൽകുന്നതും ഇങ്ങനെയുള്ള 10 പഞ്ചായത്തുകളെ ചേർത്ത് ഒരു പൗൾട്രി വില്ലേജ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്. കോഴികളെ അഴിച്ചു വിട്ടു വളർത്തുന്നതിന് മതിയായ സ്ഥല സൗകര്യമുള്ള പ്രദേശങ്ങളെയാണ് പൗൾട്രി വില്ലേജിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഈ പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികളുമായി എങ്ങനെയാണ് ബന്ധപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും , കോഴികൾ, തീറ്റ, ഗുണഭോക്താക്കളുടെ പരിശീലനം മുതലായവ പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷനും കോഴികളുടെ ആരോഗ്യ പരിപാലനം മൃഗസംരക്ഷണ വകുപ്പു മുഖേനയും നടത്താനാണ് ഉദ്ദേശിക്കുന്നത്. പൗൾട്രി യൂണിറ്റിന് ആവശ്യമായ ഫണ്ട് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട് |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 314

20.3.2007 ൽ
മറുപടിക്ക്

## ഹോട്ടലുകളിലെ ആഹാരസാധനങ്ങളുടെ വില

**ചോദ്യം**

ശ്രീ. ആനത്തലവട്ടം ആനന്ദൻ ;
ശ്രീ. വി. ചെന്താമരാക്ഷൻ ;
ശ്രീ. ബി.ഡി. ദേവസ്സി ;
ശ്രീ. സാജു പോൾ ;
ശ്രീ. ടി.പി. കുഞ്ഞുണ്ണി :

എ) നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില ഗണ്യമായി കുറഞ്ഞിട്ടും ഹോട്ടലുകളിൽ ആഹാര സാധനങ്ങളുടെ വില കുറയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

ബി) എങ്കിൽ ഇതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

സി) ഹോട്ടലുടമകൾ കഴിഞ്ഞ മാസം സർക്കാരുമായി നടത്തിയ ചർച്ചയിൽ ധാരണയിലെത്തിയ പ്രകാരം ആഹാര സാധനങ്ങളുടെ വില 5% കുറയ്ക്കാൻ തയ്യാറാകാത്ത ഹോട്ടലുകളെ സംബന്ധിച്ച് സർക്കാർ വിവരം ശേഖരിച്ചിട്ടുണ്ടോ ;

ഡി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ?

**ഉത്തരം**

ശ്രീ. സി. ദിവാകരൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി)

(എ), (ബി), (സി) & (ഡി)

ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 6.2.2007 ൽ ചേർന്ന യോഗത്തിനു ശേഷം സംസ്ഥാനത്തെ മിക്കവാറും ഹോട്ടലുകൾ 5% വില കുറച്ചിട്ടുണ്ട്. വില കുറയ്ക്കാത്ത ഹോട്ടലുകൾ കണ്ടെത്തുന്നതിനായി സിവിൽ സപ്ലൈസിന്റെ വിജിലൻസ് സ്ക്വാഡുകൾ ഫെബ്രുവരി മാസത്തിൽ 290 റെയ്ഡുകൾ നടത്തുകയും, കുറ്റക്കാരെന്നു കണ്ട ഹോട്ടലുടമകൾക്കെതിരെ ഇ.സി. ആക്ടിലെ പ്രാബല്യത്തിലുള്ള വകുപ്പുപ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യനം.*315

20.03.07-ൽ മറുപടിക്ക്

ഗ്രാമീണ മേഖലയുടെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ:<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി:<br>ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി) |
| (എ) ഗ്രാമീണമേഖലയുടെ വികസനം ലക്ഷ്യമാക്കി എന്തൊക്കെ കേന്ദ്ര സർക്കാർ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത് ; അടങ്കൽ തുക, പദ്ധതി കാലയളവ് , നിർവ്വഹണ രീതി, ഏജൻസികൾ എന്നിവ വിശദമാക്കുമോ ; | (എ) ഗ്രാമീണ മേഖലയുടെ വികസനം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ്.<br>1. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)<br>2. സ്വർണ്ണജയന്തി ഗ്രാമ സ്വറോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)സ്പെഷ്യൽപ്രോജക്റ്റുകൾ<br>3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)<br>4. ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ)<br>5. സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി)<br>6. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.എസ്)<br>7. ഹരിയാലി<br>8. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)<br>9. പിന്നോക്ക പ്രദേശ വികസന നിധി (ബി.ആർ.ജി.എഫ്) |

## 1. സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ)

2006-07 വർഷത്തെ പദ്ധതി അടങ്കൽ തുക 1288 ലക്ഷം രൂപയാണ്. ഇതൊരു വിഹിതാധിഷ്ഠിത പദ്ധതിയായതിനാൽ തുടർ പരിപാടിയായാണ് നടപ്പിലാക്കി വരുന്നത്. അർഹരായ വ്യക്തികൾക്കും സ്വയം സഹായ സംഘങ്ങൾക്കും സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ബാങ്ക് വായ്പയും സർക്കാർ സഹായ ധനവും ലഭ്യമാക്കി സഹായിക്കുന്നതാണ് നിർവഹണരീതി. ജില്ലാ പഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകളുടെ മേൽ നോട്ടത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

## 2. സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) സ്പെഷ്യൽ പ്രോജക്ടുകൾ

എസ്.ജി.എസ്.വൈ പദ്ധതിയിൽ കേന്ദ്ര സംസ്ഥാന ഫണ്ടുകൾ ജില്ലാ പഞ്ചായത്തുകളുടെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റുകൾക്ക് റിലീസ് ചെയ്യുന്നു. സാമ്പത്തിക മേഖലയുടെ വളർച്ചയും ദാരിദ്ര്യ ലഘൂകരണത്തിനുതകുന്ന നൂതന സംരംഭങ്ങൾ തുടങ്ങുന്നതിനു വേണ്ട പ്രോജക്ടുകൾ വിവിധ വകുപ്പുകൾ, സംസ്ഥാന സർക്കാർ തുടങ്ങിയവ മുഖേന നടപ്പിലാക്കാൻ വേണ്ടി എസ്.ജി.എസ്.വൈ ഫണ്ടിന്റെ 15% നീക്കി വച്ചിട്ടുണ്ട്. ഇത്തരം പ്രോജക്ടുകൾ മറ്റു വകുപ്പുകൾ അഥവാ സർക്കാർ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

സ്വയം തൊഴിൽ പദ്ധതിയിലൂടെ സമയബന്ധിതമായി (3 വർഷത്തിനുള്ളിൽ) ഒരു നിശ്ചിത പ്രദേശത്തെ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള നിർദ്ദിഷ്ട കുടുംബങ്ങളെ ദാരിദ്ര്യ രേഖയ്ക്കു മുകളിലേയ്ക്കുയർത്താൻ വേണ്ടി ലക്ഷ്യമിട്ടുള്ളതാണ് എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ടുകൾ. ദരിദ്രരായ ഗ്രാമീണ കൂട്ടായ്മയിലൂടെയും, അടിസ്ഥാന സൗകര്യം, സാങ്കേതിക വിദ്യ, വിപണന സൗകര്യം, പരിശീലനം തുടങ്ങിയവ നൽകുന്നതിലൂടെ ദീർഘകാലാടിസ്ഥാനത്തിൽ സുസ്ഥിരമായ സ്വയം തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കിയെടുക്കുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു. സ്പെഷ്യൽ പ്രോജക്ടുകളുടെ വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. (അനുബന്ധം - 1)

## 3. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ)

2006-07 വർഷത്തെ പദ്ധതി അടങ്കൽ തുക 2520 ലക്ഷം രൂപയാണ്. ഇതൊരു വികേന്ദ്രീകൃത പദ്ധതിയായതിനാൽ തുടർ പരിപാടിയായാണ് നടപ്പിലാക്കി വരുന്നത്. സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) എന്ന ജോലിക്ക് കൂലി പദ്ധതി കേരളത്തിലെ 12 ജില്ലകളിലെ ത്രിതല പഞ്ചായത്തുകൾ വഴിയാണ് നടപ്പിലാക്കി വരുന്നത്. ആകെയുള്ള ഫണ്ടിന്റെ 50% ഗ്രാമപഞ്ചായത്തിനും 30% ബ്ലോക്കുപഞ്ചായത്തിനും 20% ജില്ലാ പഞ്ചായത്തിനുമാണ് വിഹിതമായി നൽകുന്നത്. ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന തുകയുടെ 50% പട്ടിക ജാതി പട്ടിക വർഗ്ഗക്കാരുടെ പൊതു വികസന പരിപാടികൾക്കായി വിനിയോഗിക്കേണ്ടതും ബ്ലോക്കുജില്ലാ പഞ്ചായത്തുകൾക്ക് ലഭി

ക്കുന്ന തുകയുടെ ചുരുങ്ങിയത് 22.5% പട്ടിക ജാതി-പട്ടിക വർഗ്ഗ ജനവിഭാഗങ്ങളുടെ വ്യക്തിഗത ആനുകൂല്യങ്ങൾക്ക് വിനിയോഗിക്കേണ്ടതുമാണ്.

## 4.ഇന്ദിരാആവാസ്‌യോജന (ഐ.എ.വൈ)

2006-07 വർഷത്തെ പദ്ധതി അടങ്കൽ തുക 1900 ലക്ഷം രൂപയാണ്. ഇതൊരു വിഹിതാധിഷ്ഠിത പദ്ധതിയായതിനാൽ തുടർ പരിപാടിയായാണ് നടപ്പിലാക്കി വരുന്നത്. ഗ്രാമസഭകൾ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി സഹായം നൽകി പദ്ധതി നടപ്പിലാക്കി വരുന്നു.

## 5.സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി)

സമ്പൂർണ്ണ ശുചിത്വ യജ്ഞം പരിപാടികൾക്കായി 14 ജില്ലകൾക്കും കൂടി അടങ്കൽ തുക 119.69 കോടി രൂപയാണ്. പദ്ധതി കാലയളവ് 4 വർഷമോ അതിൽ കുറവോ ആയിരിക്കും. ജില്ലയെ ഒരു ഘടകമായി കണക്കാക്കി ജില്ലാ തല പ്രോജക്ടുകൾ ആണ് ഏറ്റെടുക്കുന്നത്. സംസ്ഥാന സർക്കാർ ജില്ലകൾക്കു വേണ്ടി ടി.എസ്.സി പദ്ധതി തയ്യാറാക്കേണ്ടതും കേന്ദ്ര സർക്കാരിന്റെ സഹായത്തിന് അപേക്ഷിക്കേണ്ടതുമാണ്. സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നതനുസരിച്ചും നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിലെ വിജയം കണക്കിലെടുത്തുമാണ് ടി.എസ്.സി പദ്ധതികൾ അനുവദിക്കുന്നത്.

ഗ്രാമ-ബ്ലോക്കു പഞ്ചായത്തുകളും ജില്ലാ തലത്തിൽ ജില്ലാ സാനിട്ടേഷൻ മിഷനും സംസ്ഥാന തലത്തിൽ സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷനും ആണ് പദ്ധതി നടത്തിപ്പിനുള്ള ഏജൻസികൾ. നിലവിലുള്ള

പ്രോജക്ടുകളുടെ വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട് (അനുബന്ധം - 2)

കേന്ദ്ര നിർദ്ദേശാനുസരണം 14 ജില്ലകളുടെയും കൂടി 255.58 കോടി രൂപയുടെ പുതുക്കിയ സമ്പൂർണ്ണ ശുചിത്വ യജ്ഞം പ്രോജക്ടുകൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

## 6. ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.എസ്)

അവിദഗ്ദ്ധ കായിക അദ്ധ്വാനത്തിന് തയ്യാറായുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെട്ട ഗ്രാമീണ കുടുംബങ്ങൾക്ക് വർഷം 100 പ്രവൃത്തി ദിനങ്ങൾ ഉറപ്പു നൽകുന്ന ഈ പദ്ധതി 2.02.06-ന് ആരംഭിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 90:10 എന്ന അനുപാതത്തിലാണ് ഈ പദ്ധതിയുടെ ചിലവ് വഹിക്കുന്നത്. ഈ പദ്ധതിയിൽ രണ്ടു ജില്ലകൾക്കായി 32.85 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജില്ലാ-ബ്ലോക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ ഗ്രാമ പഞ്ചായത്തുകളാണ് പൂർണ്ണമായും ഈ പദ്ധതി നടപ്പാക്കുന്നത്. ഇത് ഒരു ബൃഹത് പദ്ധതിയാണ്.

## 7. ഹരിയാലി

പ്രോജക്ട് അധിഷ്ഠിതമായ പദ്ധതിയാണ് ഹരിയാലി. നീർത്തടാധിഷ്ഠിതമായ പ്രോജക്ടുകൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. പ്രോജക്ട് അംഗീകരിച്ചതു മുതൽ 5 വർഷം വരെയാണ് ഇതിന്റെ കാലാവധി. ഇതേ വരെയുള്ള 26 പ്രോജക്ടുകൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അടങ്കൽ

തുക, അനുമതി ലഭിച്ച തീയതി തുടങ്ങിയ വിശദ വിവരങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.

(അനുബന്ധം -3)

ത്രിതല പഞ്ചായത്തുകളിലൂടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ജില്ലാതല ഫണ്ട് വിതരണം, ജില്ലാതല അക്കൗണ്ട് സൂക്ഷിപ്പ്, ജില്ലാതല മോണിറ്ററിംഗ്, കേന്ദ്ര ഗവൺമെന്റിന് വാർഷിക കണക്കുകൾ സമർപ്പിക്കൽ തുടങ്ങിയവ ജില്ലാ പഞ്ചായത്തിലും പദ്ധതിയുടെ പ്രോഗ്രാം ഇംപ്ലിമെന്റിംഗ് ഏജൻസിയായ ബ്ലോക്കു പഞ്ചായത്തിലും നിർവഹണം ഗ്രാമപഞ്ചായത്തിലുമാണ് നിക്ഷിപ്തമായിട്ടുള്ളത്.

## 8. പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ)

ഗ്രാമ പ്രദേശങ്ങളിലെ പ്രധാന കേന്ദ്രങ്ങളുമായി ബന്ധമില്ലാത്ത ആവാസ കേന്ദ്രങ്ങളെ എല്ലാ കാലാവസ്ഥയിലും അനുയോജ്യമായ ഗ്രാമീണ റോഡുകൾ മുഖാന്തിരം ബന്ധിപ്പിക്കുന്ന പ്രധാന മന്ത്രിയുടെ ഗ്രാമ സഡക് യോജന (പി.എം.ജി.എസ്.വൈ) പദ്ധതി 2000-01 വർഷം മുതലാണ് സംസ്ഥാനത്ത് നടപ്പാക്കി വരുന്നത്. 2005-06 മുതൽ ഈ പദ്ധതി ഭാരത് നിർമ്മാൺ എന്ന പരിപാടിയുടെ ഭാഗമായാണ് നടപ്പാക്കുന്നത്. 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്. 6 ഘട്ടങ്ങളിലായി (Phase)194.48 കോടി രൂപ അടങ്കൽ തുക വരുന്ന 450 റോഡുകളുടെ നിർമ്മാണത്തിന് ഇതിനകം 121.97 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഗ്രാമ ബ്ലോക്കു പഞ്ചായത്തുകളുടെ സഹകരണത്തോടുകൂടി ജില്ലാ പഞ്ചായത്തിലെ ദാരിദ്ര്യ ലഘൂകരണ യൂണിറ്റാണ് പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്. ഒരു പ്രോജക്ടിന്റെ നിർവഹണ കാലയളവ് 12 മാസമാണ്.

## 9. പിന്നോക്ക പ്രദേശ വികസന നിധി (ബി.ആർ.ജി.എഫ്)

പാലക്കാട്, വയനാട് ജില്ലകളിൽ നടപ്പിലാക്കി വരുന്ന 100% വും കേന്ദ്ര സർക്കാർ ഗ്രാന്റായി നൽകുന്ന ഈ പദ്ധതിക്ക് ഓരോ ജില്ലയ്ക്കും 45 കോടി രൂപ വീതം ഗ്രാന്റ് ലഭിക്കുന്നു. 3 വർഷമാണ് പദ്ധതി കാലാവധി. ജില്ലാ പഞ്ചായത്ത്, വിവിധ വകുപ്പുകൾ, സന്നദ്ധ സംഘടനകൾ, റിസർച്ച് സ്ഥാപനങ്ങൾ മുതലായവ ഉപയോഗിച്ച് ജില്ലാ കളക്ടർ മുഖാന്തിരം നടപ്പാക്കി വരുന്നു. സംസ്ഥാന തലത്തിൽ, സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചെയർമാനായി ഒരു സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റി നിലവിലുണ്ട്. ഇതിൽ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട സെക്രട്ടറിമാർ, പാലക്കാട്, വയനാട് ജില്ലകളിലെ കളക്ടർമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, ചീഫ് ജനറൽ മാനേജർ, നബാർഡ്, സെക്രട്ടറി തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവർ അംഗങ്ങളാണ്. ഇതു കൂടാതെ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റിനെ എക്സ്റ്റേണൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് ജില്ലക്ക് അനുവദിച്ച 45 കോടി രൂപയും ലഭ്യമായിട്ടുണ്ട് വയനാട് ജില്ലയ്ക്ക് 22.6 കോടി രൂപ ലഭിച്ചു. ബാക്കിയുള്ള തുക അടുത്ത വർഷം പ്രതീക്ഷിക്കുന്നു.

| | |
|---|---|
| (സി) ഗ്രാമീണ മേഖലയുടെ സമഗ്രവികസനത്തിനായി സംസ്ഥാന സർക്കാരിന്റെ നിലവിലുള്ള | (ബി) ഗ്രാമീണ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ ത്രിതല പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി സംസ്ഥാന ബഡ്ജറ്റിൽ നിന്നും വികേന്ദ്രീകൃത ആസൂത്രണ പ്രക്രിയയായി ധനസഹായം |

| | | | |
|---|---|---|---|
| | പദ്ധതികൾ ഏതൊക്കെ ; പദ്ധതി വിഹിതം നിർവ്വഹണ രീതി, ഏജൻസികൾ എന്നിവ വ്യക്തമാക്കുമോ ; | | നൽകി വരുന്നുണ്ട്. ഈ തുക ഉപയോഗിച്ചു ഓരോ പഞ്ചായത്തിനും സമഗ്ര വികസന പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 19934.73 ലക്ഷം രൂപ പദ്ധതി വിഹിതമായി ബ്ലോക്ക് പഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുണ്ട്. പദ്ധതിവിഹിതം **അനുബന്ധം - 4** -ൽ ചേർത്തിരിക്കുന്നു. |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭങ്ങൾ ഏതൊക്കെ ; വിശദവിവരം ലഭ്യമാക്കുമോ ; | (സി) | കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭത്തിൽ 75:25 അനുപാതത്തിൽ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ) സ്പെഷ്യൽ പ്രോജക്റ്റുകൾ, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന (എസ്.ജി.ആർ.വൈ) ഇന്ദിരാ ആവാസ് യോജന (ഐ.എ.വൈ) സമ്പൂർണ്ണ ശുചിത്വ യജ്ഞം (ടി.എസ്.സി) എന്നീ പദ്ധതികളും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി (എൻ.ആർ.ഇ.ജി.എസ്) 90:10 അനുപാതത്തിലും, ഹരിയാലി പദ്ധതി 91.67:8.33 അനുപാതത്തിലും ആണ് നടപ്പിലാക്കി വരുന്നത്. |
| (ഡി) | ഈ പദ്ധതികൾ കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുവെന്ന് ഉറപ്പു വരുത്തുവാനുള്ള സംവിധാനം വിശദമാക്കുമോ ? | (ഡി) | ഈ പദ്ധതികൾ കൃത്യമായും കാര്യക്ഷമമായും നടപ്പിലാക്കുന്നുവെന്നു ഉറപ്പു വരുത്തുവാനുള്ള സംവിധാനം ബ്ലോക്കു ജില്ലാ സംസ്ഥാന തലങ്ങളിൽ താഴെ പറയുന്ന രീതിയിൽ ഉണ്ട്.<br>(i) ഗ്രാമ, ബ്ലോക്കു, ജില്ലാ തല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥർ പദ്ധതികളുടെ പുരോഗതി പരിശോധിക്കുന്നുണ്ട്. |

(ii) പദ്ധതി നിർവ്വഹണ ചുമതലയുള്ള ത്രിതല പഞ്ചായത്തുകൾ പരിശോധനയും മേൽനോട്ടവും നടത്തുന്നുണ്ട്.

(iii) ഗ്രാമവികസന കമ്മീഷണറേറ്റ് തലത്തിലുള്ള ഉദ്യോഗസ്ഥർ പദ്ധതികൾ പരിശോധിക്കാറുണ്ട്.

(iv) കേന്ദ്ര സർക്കാർ നിയോഗിച്ചിട്ടുള്ള National Level Monitors (NLMs) Quality Monitors എന്നീ ഉദ്യോഗസ്ഥരും കാലാകാലങ്ങളിൽ പരിശോധന നടത്താറുണ്ട്.

(v) ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും എം.എൽ.എമാരും, എം.പി മാരും ഉൾപ്പെട്ട വിജിലൻസ് ആൻറ് മോണിറ്ററിംഗ് കമ്മറ്റികൾ പദ്ധതികൾ അവലോകനം ചെയ്യാറുണ്ട്.

(vi) സർക്കാർ തലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പ്രതിമാസ പ്ലാൻ റിവ്യൂ മീറ്റിംഗ് നടത്തുന്നുണ്ട്.

(vii) ബി.ആർ.ജി.എഫ്-ൻെറ നടത്തിപ്പ് വിലയിരുത്തുന്നത് സംസ്ഥാന പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ, ചെയർമാനായുള്ള ഒരു സ്റ്റേറ്റ് ലെവൽ സ്റ്റീയറിംഗ് കമ്മിറ്റിയാണ്. ഇതു കൂടാതെ സെൻറർ ഫോർ മാനേജ്മെൻറ് ഡവലപ്പ്മെൻറിനെ എക്സ്റ്റേണൽ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

(അനുബന്ധം–I).

| ക്രമനം | പദ്ധതിയുടെ പേര് | അടങ്കൽ തുക(തുക ലക്ഷത്തിൽ) | നിർവഹണ ഏജൻസി |
|---|---|---|---|
| 1 | MEDICOM (Micro Enterprises Development and Marketing Linkages in Alappuzha District of Karalla) | 840.00 | PAU,District Panchayat Alappuzha |
| 2 | SUBISCHA (Sustainable Business Development of innovative Coconut Based Micro Enterprises for Holistic Growth and Poverty Alleviation) | 1401.00 | PAU,District Panchayat Kozhikode |
| 3 | MEDSEG (Micro Enterprises Development for Sanitation and Employment Generation) | 281.32 | PAU,District Panchayat Malappuram |
| 4 | (THANIMA) | 1464.00 | HANVEEV with PAU,District Panchayat Trivandrum |
| 5 | (NIFT) | 375.00 | NIFT, New Delhi |
| 6 | (KRITHIKA) | 1108.00 | HANVEEV with PAU,District Panchayat Kannur |
| 7 | Production and Marketing of Value added fish Products | 1127 15 | MATSYAFED |
| 8 | Backyard Breeding of Chicks in Kerala | 1352 | Kerala State Poultry Development Corporation |
| 9 | Production and Marketing of Value added coir and Coir Products in 10 Coir Project Areas of Kerala State | 1480.00 | COIRFED and PAU, District Panchayth Alappuzha |

# TOTAL SANITATION CAMPAIGN (TSC)

## DETAILS OF PROJECTS SANCTIONED AS PER INFORMATION

| S.No | Name of State | No. of Dist | Name of District | Date of Sanction | Project Cost(In Lakhs) | Approved Share(Rs.in Lakhs) | | | Components Sanctioned (Units) | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | Central | State | Benf | IHHL BPL | IHHL APL | IHHL TOTAL | SCW | School Toilets | Balwadi Toilet | RSM/PC |
| 1 | KERALA | 1 | ALAPPUZHA | 29-01-2002 | 1656.13 | 1100.05 | 322.20 | 233.88 | 161871 | 5173 | 167044 | 125 | 377 | 0 | 10 |
| | | 2 | ERNAKULAM | 12-03-2003 | 1058.43 | 514.16 | 274.10 | 270.17 | 54585 | 16069 | 70654 | 100 | 450 | 565 | 9 |
| | | 3 | IDUKKI | 12-03-2003 | 622.19 | 266.75 | 167.40 | 188.04 | 44896 | 3619 | 48515 | 16 | 103 | 0 | 4 |
| | | 4 | KANNUR | 12-03-2003 | 804.18 | 349.09 | 219.29 | 235.80 | 55914 | 0 | 55914 | 14 | 327 | 0 | 5 |
| | | 5 | KASARGOD | 15-01-2001 | 1111.86 | 429.26 | 261.98 | 420.62 | 82200 | 6099 | 88299 | 100 | 281 | 0 | 4 |
| | | 6 | KOLLAM | 10-01-2001 | 895.00 | 597.70 | 174.55 | 122.75 | 85000 | 7290 | 92290 | 400 | 225 | 0 | 10 |
| | | 7 | KOTTAYAM | 23-11-2005 | 445.17 | 205.27 | 119.12 | 120.78 | 28118 | 1646 | 29764 | 10 | 182 | 133 | 5 |
| | | 8 | KOZHIKODE | 12-03-2003 | 833.86 | 374.81 | 225.67 | 233.38 | 54024 | 2140 | 56164 | 21 | 444 | 0 | 7 |
| | | 9 | MALAPPURAM | 29-01-2002 | 759.86 | 510.98 | 152.38 | 96.52 | 69217 | 0 | 69217 | 80 | 380 | 0 | 10 |
| | | 10 | PALAKKAD | 12-03-2003 | 1177.89 | 499.85 | 320.42 | 357.62 | 83059 | 18892 | 101951 | 49 | 289 | 0 | 7 |
| | | 11 | PATHANAMTHITTA | 12-03-2003 | 773.96 | 336.29 | 208.53 | 229.14 | 53799 | 1200 | 54999 | 25 | 172 | 100 | 5 |
| | | 12 | THIRUVANANTHAPURAM | 29-01-2002 | 749.61 | 506.90 | 149.76 | 92.95 | 67320 | 22779 | 90099 | 60 | 350 | 0 | 10 |
| | | 13 | THRISSUR | 12-03-2003 | 546.46 | 258.45 | 144.83 | 143.18 | 33216 | 0 | 33216 | 10 | 316 | 0 | 9 |
| | | 14 | WAYANAD | 29-01-2002 | 535.19 | 355.32 | 103.25 | 76.62 | 54927 | 0 | 54927 | 40 | 78 | 0 | 3 |
| STATE TOTAL | | 14 | | | 11969.79 | 6304.88 | 2843.40 | 2821.45 | 928146 | 84907 | 1013053 | 1050 | 3974 | 798 | 98 |

Abbreviations: IHHL: Individual Household Latrines, SCW: Sanitary Complex for Women, RSM: Rural Sanitary Marts, PC: Production Centres, TSV: Total Sanitation Villages.

**(അനുബന്ധം-3).**

| ക്രമ നം | പ്രോജക്ടിന്റെ പേര് | അനുവദിച്ച തീയതി | അടങ്കൽ തുക(ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഇടുക്കി ജില്ലയിലെ ദേവികുളം ബ്ലോക്ക് | 30-07-03 | 300.00 |
| 2 | പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം ചിറ്റൂർ ബ്ലോക്ക് | 30-07-03 | 300.00 |
| 3 | മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്ക് | 30-07-03 | 300.00 |
| 4 | തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല ബ്ലോക്ക് ഹരിയാലി പ്രോജക്ട് | 19-07-05 | 300.00 |
| 5 | പെരുങ്കട വിള ബ്ലോക്കിലെ ഹരിയാലി പ്രോജക്ട് | 19-07-05 | 300.00 |
| 6 | കൊല്ലം ജില്ലയിലെ അഞ്ചൽ ബ്ലോക്ക് | 19-07-05 | 182.82 |
| 7 | പത്തനം തിട്ട ജില്ലയിലെ കോയിപ്രം ബ്ലോക്ക് | 19-07-05 | 107 16 |
| 8 | ആലപ്പുഴ ജില്ലയിലെ വെളിയനാട് ബ്ലോക്ക് | 19-07-05 | 119.40 |
| 9 | കോട്ടയം ജില്ലയിലെ മടപ്പള്ളി ഈസ്റ്റ് ബ്ലോക്ക് | 19-07-05 | 300.00 |
| 10 | കോട്ടയം ജില്ലയിലെ ലാളം ബ്ലോക്ക് | 19-07-05 | 300.00 |
| 11 | ഇടുക്കി ജില്ലയിലെ ഇളം ദേശം | 19-07-05 | 300.00 |

| | | | |
|---|---|---|---|
| 12 | തൃശ്ശൂർ ജില്ലയിലെ ഉല്ലൂക്കര | 19-07-05 | 300.00 |
| 13 | പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ലോക്ക് | 19-07-05 | 300.00 |
| 14 | മലപ്പുറം ജില്ലയിലെ തിരുരങ്ങാടി ബ്ലോക്ക് | 19-07-05 | 300.00 |
| 15 | പത്തനം തിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് | 19-07-05 | 125.94 |
| 16 | കൊല്ലം ജില്ലയിലെ കൊട്ടാരക്കര ബ്ലോക്ക് | 06-03-06 | 133.08 |
| 17 | പത്തനം തിട്ട ജില്ലയിലെ പന്തളം ബ്ലോക്ക് | 06-03-06 | 222.84 |
| 18 | ആലപ്പുഴ ജില്ലയിലെ ആര്യാട് | 06-03-06 | 175.20 |
| 19 | കോട്ടയം ജില്ലയിലെ മടപ്പള്ളി (വെസ്റ്റ്) | 06-03-06 | 648.90 |
| 20 | തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് | 06-03-06 | 385.80 |
| 21 | കോഴിക്കോട് ജില്ലയിലെ ചേളന്നൂർ ബ്ലോക്ക് | 06-03-06 | 172.14 |
| 22 | ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ ബ്ലോക്ക് | 17-07-06 | 341.10 |
| 23 | ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് ബ്ലോക്ക് | 17-07-06 | 222.39 |
| 24 | കാസർകോഡ് ജില്ലയിലെ നീലേശ്വരം ബ്ലോക്ക് | 17-07-06 | 354.00 |
| 25 | കാസർകോഡ് ജില്ലയിലെ മഞ്ചേശ്വരം ബ്ലോക്ക് | 17-07-06 | 354.00 |
| 26 | കൊല്ലം ജില്ലയിലെ ചടയമംഗലം ബ്ലോക്ക് | 18-07-06 | 473.94 |

## അനുബന്ധം - 4

(തുക ലക്ഷത്തിൽ)

| പദ്ധതികൾ | ജില്ലാ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | ഇതര ഏജൻസികൾ |
|---|---|---|---|---|
| എസ്.ജി.എസ്.വൈ | | 1288.00 | | |
| എസ്.ജി.എസ്.വൈ സ്പെഷ്യൽ പ്രോജക്ടുകൾ | | 2522.32 | | 6906.15 |
| എസ്.ജി.ആർ.വൈ | 504.00 | 756.00 | 1260.00 | |
| ഐ.എ.വൈ | | 1900.00 | | |
| ടി.എസ്.സി | | | 119.69 | |
| എൻ.ആർ.ഇ.ജി.എസ് | 657.60 | 986.40 | 1644.00 | |
| ഹരിയാലി | | 7318.71 | | |
| പി.എം.ജി.എസ്.വൈ | | | | 15065.00 |

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പര്‍. 316 — 20/03/2007 ല്‍ മറുപടിക്ക്.

## കൊച്ചിയിലെ ഉള്‍നാടന്‍ ജലഗതാഗതം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.സി.കെ.സദാശിവന്‍<br>ശ്രീ.എ.എം.യൂസഫ്<br>ശ്രീ.എം.കെ.പുരുഷോത്തമന്‍<br>ശ്രീ.എം.എം.മോനായി<br>ശ്രീ.സി.എം.ദിനേശ് മണി | | ശ്രീ.വി.എസ്.അച്യുതാനന്ദന്‍<br>(ബഹു: മുഖ്യമന്ത്രി) |
| (എ) കൊച്ചിയിലെ കനാലുകള്‍ പരിഷ്കരിച്ച് ജലഗതാഗതം നടത്താനുള്ള പദ്ധതി പരിഗണനയിലുണ്ടോ ; എങ്കില്‍ വിശദാംശം വെളിപ്പെടുത്തുമോ ; | : | (എ) ഉണ്ട്. രണ്ട് പദ്ധതികള്‍ പരിഗണനയിലുണ്ട്.<br>(i) <u>കടമ്പ്രയാറിന്റെ പുനരുദ്ധാരണ പണികള്‍</u> -<br>കടമ്പ്രയാറിനെ ദേശീയ ജലപാതയുടെ ഭാഗമായ ചമ്പക്കര കനാലുമായി ബന്ധിപ്പിച്ച് ജലഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഇതിന് ഏകദേശം 30 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.<br>(ii) <u>കൊച്ചി മുതല്‍ നെടുമ്പാശ്ശേരി വരെയുള്ള ജലഗതാഗതത്തിനുള്ള പദ്ധതി</u> -<br>കൊച്ചി തുറമുഖവും, നെടുമ്പാശ്ശേരി വിമാനത്താവളവും തമ്മില്‍ ബന്ധിപ്പിക്കുന്ന ജലപാത ഗതാഗത യോഗ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. 17 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി കേന്ദ്ര ഗവണ്‍മെന്റിന്റെ അംഗീകാരത്തിനായി സമര്‍പ്പിച്ചിട്ടുണ്ട്. |
| (ബി) ഈ പദ്ധതി പൈലറ്റ്-പ്രോജക്ടായി പരിഗണിച്ച് കേന്ദ്ര സഹായം ലഭിക്കാന്‍ സാധ്യതയുണ്ടോ ; എങ്കില്‍ വിശദമാക്കുമോ ; | : | (ബി) മേല്‍പ്പറഞ്ഞതില്‍ ഒന്നാമത്തെ പദ്ധതിയ്ക്ക് കേന്ദ്രസഹായം ലഭിക്കുന്നതിനുവേണ്ടി സമര്‍പ്പിക്കുന്നതിലേക്കായി 30 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോര്‍ട്ട് തയ്യാറാക്കി വരുന്നു.<br>17 കോടി രൂപ ചെലവ് വരുന്ന രണ്ടാമത്തെ പദ്ധതി കേന്ദ്രസഹായം ലഭിക്കുന്നതിനുവേണ്ടി കേന്ദ്രസര്‍ക്കാരിലേയ്ക്ക് സമര്‍പ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (സി) എത്ര കിലോമീറ്റർ ജലപാതയാണ് ഗതാഗതത്തിനായി നവീകരിക്കുന്നത് ; | : | (സി) (i) കടമ്പ്രയാറിന്റെ പുനരുദ്ധാരണ പണികൾ 15 കി.മീറ്ററും<br>(ii) കൊച്ചി മുതൽ നെടുമ്പാശ്ശേരി വരെയുള്ള ജലഗതാഗതത്തിനുള്ള പദ്ധതി 30.50 കി.മീറ്ററും. |
| (ഡി) ഏതൊക്കെ കനാലുകളാണ് പദ്ധതിക്കായി സംയോജിപ്പിക്കുന്നത് ; | : | (ഡി) (i) കടമ്പ്രയാറിനെ ദേശീയ ജലപാത 3-ന്റെ ഭാഗമായ ചമ്പക്കര കനാലുമായി ബന്ധിപ്പിക്കുന്നു.<br>(ii) കൊച്ചി മുതൽ നെടുമ്പാശ്ശേരി വരെയുള്ള ജലപാത ചെങ്ങൽതോട്, പെരിയാർ എന്നിവ ദേശീയ ജലപാത 3-ന്റെ ഭാഗമായ ഉദ്യോഗമണ്ഡൽ കനാലുമായി ബന്ധിപ്പിക്കുന്നു. |
| (ഇ) പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും എന്ന് അറിയിക്കുമോ ? | : | (ഇ) ഇതിൽ ഒന്നാമത്തെ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. രണ്ടാമത്തെ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## മുൻ സർക്കാരിന്റെ ഭരണ കാലത്ത് നടന്ന ക്രമവിരുദ്ധ നിയമനങ്ങൾ

*317 ശ്രീ.എ.പ്രദീപ്കുമാർ

" കെ.വി.അബ്ദുൽ ഖാദർ

" ബാബു.എം.പാലിശ്ശേരി

" പി.കൃഷ്ണപ്രസാദ്

" എ.സി.മൊയ്തീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക് **മുഖ്യമന്ത്രി** സദയം മറുപടി നൽകുമോ

(എ) മുൻ സർക്കാരിന്റെ ഭരണകാലത്ത് പൊതു മേഖലാ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, ബോർഡുകൾ, സ്പോർട്സ് കൗൺസിൽ എന്നിവിടങ്ങളിൽ വ്യാപകമായ രീതിയിൽ ക്രമവിരുദ്ധ നിയമനങ്ങൾ നടന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ; എങ്കിൽ എവിടെയെല്ലാം നിയമ വിരുദ്ധ നിയമനങ്ങൾ നടന്നതായി കണ്ടെത്തിയിട്ടുണ്ട്;

(സി) ഇപ്രകാരം നിയമനം ലഭിച്ചവരെ പിരിച്ചുവിടുന്നതിനും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം ലഭിച്ചിട്ടില്ല.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.318 20.03.2007 - ൽ മറുപടിക്ക്

## അറവുശാലകളിലെ മാലിന്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. സുധാകരൻ<br>ശ്രീ.വി.ഡി. സതീശൻ<br>ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.എം. മുരളി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>ബഹു: തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) അറവുശാലകളിലെ അവശിഷ്ടങ്ങളും മാലിന്യങ്ങളും നീക്കം ചെയ്യുന്നത് സംബന്ധിച്ചുള്ള നിയമ വ്യവസ്ഥകൾ എന്തെല്ലാമാണ്; | (എ) മുനിസിപ്പാലിറ്റി ആക്റ്റിലെ 335-ാം വകുപ്പ് പ്രകാരവും പഞ്ചായത്ത് രാജ് ആക്റ്റിലെ 219 ഐ പ്രകാരവും മൃഗശവങ്ങളും, ചവറും, മാലിന്യവും യുക്തമല്ലാത്ത രീതിയിൽ കയ്യൊഴിയുന്നത് നിരോധിച്ചിട്ടുണ്ട്.<br>മുനിസിപ്പാലിറ്റി ആക്റ്റിലെ 452 (3)-ാം വകുപ്പ് പ്രകാരവും 453 (3)(2) പ്രകാരവും, മുനിസിപ്പൽ അറവുശാലകളും, മുനിസിപ്പാലിറ്റിയുടെ പരിധിയിലുള്ള മറ്റ് അറവു ശാലകളും ശുചിത്വ പൂർണ്ണമായി സൂക്ഷിക്കുന്നതിനും അവിടെയുള്ള അവശിഷ്ടങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനും വ്യവസ്ഥചെയ്തിട്ടുണ്ട്.<br>മുനിസിപ്പാലിറ്റി ആക്റ്റിലെ 455-ാം വകുപ്പ് പ്രകാരം മുനിസിപ്പൽ അറവുശാലകളോ, ലൈസൻസുള്ള |

| | | | |
|---|---|---|---|
| | | | അറവുശാലകളോ ഒഴികെയുള്ള സ്ഥലങ്ങളിൽ വച്ച് മൃഗങ്ങളെ ഭക്ഷണാവശ്യത്തിനായി കൊല്ലുന്നത്നിരോധിച്ചിട്ടുണ്ട്. അറവുശാലകളിൽ ഉണ്ടാകുന്ന മലിന ജലവും ഖരമാലിന്യങ്ങളും 1974 ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) ആക്റ്റ് അനുശാസിക്കുന്ന പ്രകാരം സംസ്ക്കരിക്കാൻ നടപടികൾ എടുക്കേണ്ടതാണ്. ഇതിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി കരസ്ഥമാക്കണം. |
| (ബി) | സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും പട്ടണങ്ങളിലും ജൈവ മാലിന്യങ്ങളും അറവുശാലാ മാലിന്യങ്ങളും നീക്കം ചെയ്യാൻ എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ? | (ബി) | 2000-ാം ആണ്ടിലെ മുനിസിപ്പൽ ഖരമാലിന്യ (പരിപാലനവും കൈകാര്യം ചെയ്യലും) ചട്ടങ്ങൾ പ്രകാരം മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഉണ്ടാകുന്ന ജൈവ അജൈവ മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ചുമതല അതത് മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലുംനിക്ഷിപ്തമാണ്. ഈ ചുമതല നിറവേറ്റുന്നതിനായി സംയോജിത ഖരമാലിന്യ പരിപാലന പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നു.സംയോജിത ഖരമാലിന്യ പരിപാലന പദ്ധതിയുടെ ഭാഗമായി കേരളത്തിലെമുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുളുടെയും കീഴിൽ വരുന്ന പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഖരമാലിന്യം സ്രോതസ്സിൽ വച്ച് തന്നെ തരംതിരിച്ച് ശേഖരിക്കുന്നതിനും കുറ്റമറ്റ രീതിയിലുള്ള ട്രാൻസ്പോർട്ടേഷൻ സംവിധാനം ഉപയോഗിച്ച് മാലിന്യം |

സംസ്ക്കരണ പ്ലാന്റുകളിൽ എത്തി ക്കുന്നതിനും കമ്പോസ്റ്റിംഗ്, ബയോ ഗ്യാസ് രീതികൾ ഉപയോഗിച്ച് സംസ്ക്കരിക്കുന്നതിനും ഉള്ള പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇവയാണ് അറവുശാല മാലിന്യങ്ങളും ജൈവമാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള പദ്ധതികൾ. കൂടാതെ അറവുശാലകളിലെ മാലിന്യങ്ങൾ പൂർണ്ണതോതിൽ സംസ്ക്കരണം നടത്തുന്നതിനായി അവയോട് അനുബന്ധിച്ച് ബയോഗ്യാസ് പ്ലാന്റും സോക്പിറ്റ് ഉൾപ്പെടെയുള്ള സെപ്റ്റിക് ടാങ്കും നിർമ്മിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ 44 അറവുശാലകളിൽ 8 എണ്ണം ഇപ്രകാരം മാലിന്യ സംസ്ക്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

— —

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 215

20.2.2007 ൽ
മറുപടിക്ക്

എൽ.പി.ജി. കണക്ഷൻ

| ചോദ്യം<br>ശ്രീ. തോമസ് ഉണ്ണിയാടൻ : | ഉത്തരം<br>ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി) |
|---|---|
| എ) പുതുതായി എൽ.പി.ജി. കണക്ഷൻ കിട്ടുന്നവർ എൽ.പി.ജി. വിതരണ ഏജൻസിയിൽ നിന്നും ഈ സാധനങ്ങൾ വാങ്ങണമെന്ന് എൽ.പി.ജി. (റെഗുലേഷൻ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡറിൽ പറയുന്നുണ്ടോ ; | എ) ഇല്ല. 2000 ലെ എൽ.പി.ജി. (റെഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഉത്തരവിലെ 1-ാം പട്ടികയിലെ നിബന്ധന പ്രകാരം സ്റ്റൗവും ഹോട്ട്പ്ലേറ്റും ഉപഭോക്താവിന് നിർബന്ധമായി വിൽക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| ബി) എൽ.പി.ജി. വിതരണ ഏജൻസിയിൽ നിന്ന് ഈ സാധനത്തിന് പകരം 150 രൂപ കൂടി ഐ.ഒ.സി. മുതലായ എൽ.പി.ജി. വിതരണക്കാർക്ക് ഫീസായി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) എൽ.പി.ജി. വിതരണക്കാരുടെ ഗോഡൗണിൽ നിന്നും എത്ര കിലോമീറ്റർ പരിധിക്കുള്ളിലാണ് കൂലി കൂടാതെ എൽ.പി.ജി. സിലിണ്ടർ നൽകേണ്ടത് എന്ന് വ്യക്തമാക്കുമോ ; | സി) നഗര പരിധിയിൽ നിന്നും 5 കിലോമീറ്റർ ചുറ്റളവിൽ ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് നൽകേണ്ടതില്ല. എൽ.പി.ജി. വിതരണ ഏജൻസിയുടെ ഓഫീസോ, ഗോഡൗണോ നഗര പരിധിയ്ക്ക് പുറത്താണെങ്കിൽ മാത്രം ബാധകമാണ്. |
| ഡി) ഈ വ്യവസ്ഥ ലംഘിക്കുന്നവർക്കെതിരെ കൈകാര്യം ചെയ്യാൻ നടപടി സ്വീകരിക്കുമോ ? | ഡി) ഗ്യാസ് സിലിണ്ടറുകൾ അധികമായി ഒരു പ്രദേശത്ത് മാത്രമല്ല വിതരണം ചെയ്യുന്നത്. ആയതിനാൽ ഗ്യാസ് സിലിണ്ടറുകളിൽ, ഈ സിലിണ്ടറുകൾ ഹോം ഡെലിവറി മുഖേന കൃത്യമായ വിതരണം ചെയ്യുന്നതാണെന്ന് ഉറപ്പുവരുത്താൻ പ്രാദേശിക നടപടിയെടുക്കും. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.320** — **20.03.2007-ൽ മറുപടിയ്ക്ക്**

### വാണിജ്യ, വ്യാവസായിക, ടൂറിസം സംരംഭങ്ങൾക്ക് മിക്സഡ് സോണിംഗ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി.ജോർജ്ജ് | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>ബഹു. തദ്ദേശ സ്വയംഭരണവും<br>ഗ്രാമവികസനവും വകുപ്പ് മന്ത്രി |
| (എ) | 23-12-2006-ലെ എൽ.എസ്.ജി.ഡി. നോട്ടിഫിക്കേഷൻ GO(Ms) **No.293/06/LSGD dt. TVM,** പ്രകാരമുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ നിർദ്ദേശങ്ങളും ആക്ഷേപങ്ങളും സ്വീകരിച്ച് തയ്യാറാക്കിയ പുതിയ തിരുവനന്തപുരം നഗരസഭ മാസ്റ്റർ പ്ലാൻ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ ; | (എ) | 2006 ഡിസംബർ 23-ാം തീയതിയിലെ കേരള ഗസറ്റ് (അസാധാരണം) പ്രകാരം, അംഗീകൃത തിരുവനന്തപുരം മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണ ചട്ടങ്ങൾ (സോണിംഗ് റെഗുലേഷൻ) പുതുക്കുന്നതിലേയ്ക്കായി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി കരട് മേഖലാ നിയന്ത്രണ ചട്ടങ്ങളിന്മേലുള്ള ആക്ഷേപങ്ങളും, അഭിപ്രായങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയ്ക്കു വേണ്ടി ജില്ലാ ടൗൺ പ്ലാനർ സ്വീകരിക്കുകയുണ്ടായി. ഇത്തരം 234 ആക്ഷേപങ്ങളും അഭിപ്രായങ്ങളും ലഭിച്ചിട്ടുണ്ട്. ഇവ മുഖ്യ നഗരാസൂത്രകന് 8-2-07-ൽ ജില്ലാ ടൗൺ പ്ലാനർ അയച്ചുകൊടുത്തു. പ്രസ്തുത ആക്ഷേപങ്ങളും അഭിപ്രായങ്ങൾക്കും മേലുള്ള മുഖ്യ നഗരാസൂത്രകന്റെ സാങ്കേതിക അഭിപ്രായങ്ങൾ നിശ്ചിത ഫോറത്തിൽ ക്രോഡീകരിച്ചു വരുന്നു. ഇത് എത്രയും വേഗം ഗവൺമെന്റിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | പുതിയ നഗരസഭാ മാസ്റ്റർ പ്ലാൻ എന്ന് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ; | (ബി) | പുതിയ വേരിയേഷൻ നഗരസഭാ മാസ്റ്റർ പ്ലാൻ 2007 മേയ് മാസാവസാനത്തോടുകൂടി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു. |

(സി) തിരുവനന്തപുരം ചാക്ക-കൊല്ലം എൻ.എച്ച്. ബൈപാസിന്റെ ഇരുകരകളിലും, പർവ്വതി പുത്തനാറിനോടും, ആക്കുളം കായലിനോടും ചേർന്ന് കിടക്കുന്ന സ്ഥലങ്ങളിൽ വാണിജ്യ, വ്യാവസായിക, ടൂറിസം സംരംഭങ്ങൾ തുടങ്ങുവാൻ ഉതകുന്ന തരത്തിലുള്ള മിക്സഡ് സോണിംഗ് മാസ്റ്റർ പ്ലാൻ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രദേശത്തിലുൾപ്പെടുന്ന തിരുവനന്തപുരം എൻ.എച്ച്. ബൈപാസിന്റെ ഇരുവശത്തുമുള്ള റെസിഡൻഷ്യൽ സോണുകളേയും (50 മീറ്റർ വരെ വീതിയിൽ) കോമേർഷ്യൽ പബ്ലിക്, സെമി-പബ്ലിക്, ഇൻഡസ്ട്രിയൽ സോണുകളേയും (100 മീറ്റർ വരെ വീതിയിൽ) പ്രത്യേകമായി പരിഗണിക്കുന്നതിന് കരട് മേഖലാ നിയന്ത്രണങ്ങളിൽ നിർദ്ദേശമുണ്ട്. (General Guidelines) ഈ പ്രദേശത്ത് കമേഴ്സ്യൽ സോണിലും, പബ്ലിക്, സെമി-പബ്ലിക് സോണിലും അനുവദനീയമായ എല്ലാ ഭൂവിനിയോഗങ്ങളും അനുവദനീയമായിരിക്കും. എന്നാൽ ഈ പ്രദേശങ്ങളിൽ താരതമ്യേന ഭവനങ്ങളാൽ വികസിതമായ റെസിഡൻഷ്യൽ സോണുകളിൽ, ഇത്തരം അധികമായ വികസനം കരട് മേഖലാ നിയന്ത്രണങ്ങൾ പ്രകാരം അനുവദനീയമല്ല. പാർവതി പുത്തനാർ, ആക്കുളം കായൽ എന്നിവ തീരദേശ മേഖലാ നിയന്ത്രണങ്ങളിൽ ഉൾപ്പെടുന്ന പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ പ്രസ്തുത രീതിയിലുള്ള വികസനം എത്രത്തോളമാകാമെന്ന് വിശദമായി പരിശോധിക്കേണ്ടതുണ്ട്. നിലവിലുള്ള ഭൂവിനിയോഗം ഉൾപ്പെടുടെയുള്ള വിഷയങ്ങൾ വിശദമായി പഠിച്ച ശേഷം, നഗര മേഖലയ്ക്കു വേണ്ടി പുതിയ നിർദ്ദിഷ്ട ഭൂവിനിയോഗ രൂപരേഖ തയ്യാറാക്കുന്ന സമയത്ത് ഇക്കാര്യവും പരിഗണിക്കാവുന്നതാണ്.

(ഡി) ഈ മേഖലകളിൽ ഒരു കാര്യത്തിന് മാത്രം സോണിംഗ് നൽകി

(ഡി) പുതുക്കിയ കരട് മേഖലാ നിയന്ത്രണങ്ങൾ തയ്യാറാക്കിയപ്പോൾ അനുവദനീയമായ പരിധി

| | |
|---|---|
| അഴിമതിക്ക് ഇടവരുത്തുന്നതിന് പകരം മിക്സഡ് യൂസ് സോണിംഗ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; | യ്ക്കുള്ളിൽ നിന്നുകൊണ്ട് വിവിധ ഉപയോഗങ്ങൾ ഓരോ യൂസ് സോണിലും (ഭൂവിനിയോഗ മേഖല) ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ കൂടാതെ ചീഫ് ടൗൺ പ്ലാനർ/ജില്ലാ ടൗൺ പ്ലാനർ എന്നിവരുടെ അനുമതിയോടെ അനുവദനീയമായ ഉപയോഗങ്ങളും ഓരോ മേഖലയ്ക്കും പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ അഴിമതിയ്ക്കുള്ള സാഹചര്യങ്ങൾ ഇല്ല. |
| (ഇ) ഇപ്പോൾ നഗരസഭയിൽ ഏത് വർഷത്തെ മാസ്റ്റർ പ്ലാനാണ് ഉള്ളത് എന്ന് വ്യക്തമാക്കാമോ? | (ഇ) 1971 ജൂൺ 21-ലെ ജി.ഒ.(ആർ.റ്റി) നം.921/71/ എൽ.എ.ഡി. ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച തിരുവനന്തപുരം മാസ്റ്റർ പ്ലാനാണ് നിലവിലുള്ള അംഗീകൃത ജനറൽ ടൗൺ പ്ലാനിംഗ് സ്കീം. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.321 20-03-2007-ൽ മറുപടിക്ക്

**ക്ലിയർ മൊബിലിറ്റി-ഇൻ-അർബൻ ഏരിയ പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോർജ് മേഴ്സിയർ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.കെ.ശിവദാസൻ നായർ | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| എ | ക്ലിയർ മൊബിലിറ്റി-ഇൻ-അർബൻ ഏരിയ പദ്ധതിയിൽ തിരുവനന്തപുരം നഗരത്തെ ഉൾപ്പെടുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി | ഈ പദ്ധതിപ്രകാരം എന്തു തുക ചെലവഴിക്കാം; എന്തെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; | ബി) | 26.022 കോടി രൂപ ചെലവഴിക്കാം. പദ്ധതിപ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾനടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.<br>1) നിലവിലുള്ള മേഖലാ ബസ് സ്റ്റേഷൻ നഗര മദ്ധ്യത്തിൽ നിന്നും മാറ്റി നഗരാതിർത്തിയിൽ ബൈപാസ് റോഡിനടുത്തേയ്ക്ക് സ്ഥാപിക്കുന്നതിന് 10,56,52,170 രൂപയും<br>2) ബസ് സ്റ്റേഷനും റയിൽവേ സ്റ്റേഷനും എയർപോർട്ടും തമ്മിൽ ബന്ധിപ്പിച്ച് റോഡ് നിർമ്മാണത്തിന് 5,86,95,615/- രൂപയും<br>3) ടി റോഡിൽ എനർജി എഫിഷ്യന്റ് പ്രീമിയർ ബസ് സർവ്വീസ് -8 എണ്ണത്തിന് 78,26,085/- രൂപയും<br>4) മേൽ പാലം നിർമ്മാണത്തിന് 1,95,65,190/- രൂപയും<br>5) സിഗ്നൽ നവീകരണത്തിന് 97,82,595/- രൂപയും |

6) യൂസർ ഫ്രണ്ട്ലി എഫിഷ്യന്റ് ബസ് -40 എണ്ണത്തിന് 3,91,30,425/- രൂപയും
7) തിരക്കേറിയ നഗര ഭാഗത്തെ നടപ്പാത നന്നാക്കുന്നതിന് 1,95,65,190/- രൂപയും അടക്കം മൊത്തം 26.022/- കോടി രൂപ ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്നു.

| | | | |
|---|---|---|---|
| സി | എത്ര കാലത്തിനുള്ളിലാണ് ഈ പദ്ധതികൾ നടപ്പിലാക്കേണ്ടത്? | സി | 3 വർഷം. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 322 | 20-3-2007-ന് മറുപടി നൽകേണ്ടത്.

' സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷന്റെ പ്രവർത്തനം '

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. വി. സുരേന്ദ്രൻ പിള്ള | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ). സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | എ). ഇല്ല. |
| ബി). കമ്മീഷന്റെ പ്രവർത്തന രീതി പരിഷ്ക്കരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ ; | ബി). സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ ഒരു സ്വയംഭരണ സ്ഥാപനമാണ്. അതിന്റെ പ്രവർത്തനം സംബന്ധിച്ച നടപടിക്രമങ്ങൾ വിവരാവകാശ നിയമം സംബന്ധിച്ച കേന്ദ്ര ആക്ടിലെ 18 മുതൽ 20 വരെയുള്ള സെക്ഷനുകളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി കമ്മീഷന് അവരുടെ പ്രവർത്തന രീതിയിൽ ആവശ്യമായ പരിഷ്ക്കാരം വരുത്താവുന്നതാണ്. |
| | സി). & ഡി). |
| സി). വിവരാവകാശ നിയമം താഴെത്തട്ടിൽ എത്തിയില്ലായെന്ന കമ്മീഷൻ നിഗമനത്തെത്തുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;<br>ഡി). നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് സാക്ഷരതാ പ്രേരക്മാരുടെ സേവനം ഉപയോഗിക്കുമോ; വിശദവിവരം നൽകാമോ ? | വിവരാവകാശ നിയമം നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് നിയമത്തെക്കുറിച്ച് അവബോധമുണ്ടാക്കുന്നതിനായി ഐ.എം.ജി.യുടെ ആഭിമുഖ്യത്തിൽ ഘട്ടം ഘട്ടമായി പരിശീലനം നൽകിവരുന്നുണ്ട്. പൊതുജനങ്ങളിൽ നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണത്തിനായി പബ്ലിക് റിലേഷൻസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ല-താലൂക്ക് തലങ്ങളിൽ സെമിനാറു- |

കൾ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാന ഇൻഫർമേഷൻ കമ്മീഷൻ, തുടർ വിദ്യാഭ്യാസ പരിപാടിയുടെ സംസ്ഥാനത്തെ ഔദ്യോഗിക ഏജൻസിയായ കേരള സംസ്ഥാന സാക്ഷരതാമിഷനുമായി സഹകരിച്ചുകൊണ്ട് പൊതുജനങ്ങളിൽ വിവരാവകാശ നിയമത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിനായി ഒരു കർമ്മ പരിപാടി സമയബന്ധിതമായി നടപ്പിലാക്കിവരുന്നുണ്ട്. സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രേരക്മാർക്ക് പരിശീലനം നൽകി അവരിലൂടെയാണ് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നത്. വിവരാവകാശ കമ്മീഷനും, സാക്ഷരതാ മിഷനും പുറമെ സർക്കാർ വകുപ്പുകൾ സ്റ്റേറ്റ് റിസോഴ്സ് സെന്റർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെയാണ് പ്രസ്തുത കർമ്മ പരിപാടി നടപ്പിലാക്കിവരുന്നത്. സംസ്ഥാനതലത്തിൽ ശില്പശാല, ജില്ലാ തലത്തിൽ പരിശീലനം, ഗ്രാമതലത്തിൽ ബോധവല്ക്കരണം, വാർഡ് തലത്തിൽ ചർച്ചകൾ, സെമിനാറുകൾ, ലഘു ലേഖകൾ, ഫോൾഡർ, സി.ഡി. എന്നിവ തയ്യാറാക്കി വിതരണം ചെയ്യുക, പത്ര-ദൃശ്യ മാദ്ധ്യമങ്ങളിലൂടെയുള്ള പ്രചരണം എന്നിവയാണ് കർമ്മ പരിപാടികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. വിവരാവകാശ നിയമത്തിന്റെ മലയാള പരിഭാഷയും ഇതിനകം കേന്ദ്ര ഗസറ്റിൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ നടപടികളിലൂടെ വിവരാവകാശ നിയമം ഏറ്റവും താഴെത്തട്ടിൽ എത്തിക്കുന്നതിനും, നിയമത്തിലൂടെ ഉദ്ദേശിച്ച ലക്ഷ്യബോധം കൈവരിക്കുന്നതിനും കഴിയുമെന്ന് സർക്കാർ കരുതുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.323. 20.3.2007-ൽ മറുപടിയ്ക്ക്.

**തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിക്ഷേപിച്ച പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി.<br>പ്രൊഫ.സി.രവീന്ദ്രനാഥ്.<br>ശ്രീ.ആർ.സെൽവരാജ്.<br>ശ്രീ.വി.എൻ.വാസവൻ. | | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) | |
| (എ) | ഭവന നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ള വിതരണം തുടങ്ങിയവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വർഷങ്ങൾക്കു മുമ്പ് സർക്കാർ ഏജൻസികളിലും മറ്റു സ്ഥാപനങ്ങളിലും നിക്ഷേപിച്ച പദ്ധതി വിഹിതം ഇപ്പോഴും നിക്ഷേപമായി തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ ഇനങ്ങളിലുള്ള നിക്ഷേപത്തിന്റെ കണക്ക് വ്യക്തമാക്കുമോ; | (ബി) | കണക്കു ശേഖരിച്ചു നൽകുന്നതാണ്. |
| (സി) | തദ്ദേശസ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ് വർക്കുകളുടെ കാര്യത്തിൽ കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | സ്വീകരിക്കുന്നതാണ്. |
| (ഡി) | വർഷങ്ങൾക്കു മുമ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ നിക്ഷേപിച്ച തുക പദ്ധതി പൂർത്തിയാക്കുന്നതിന് തികയാതെ വരുകയാണെങ്കിൽ പദ്ധതി പൂർത്തിയാക്കുന്നതിന് കൂടുതലായി ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഡി) | നിർവ്വഹണ ഏജൻസികളുടെ യഥാർത്ഥ ചെലവ് ഇപ്പോൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നല്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:324 — 20.3.2007 ൽ മറുപടിയ്ക്ക്

## സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.അയിഷാ പോറ്റി<br>ശ്രീ.പി.വിശ്വൻ<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ.കെ.കുഞ്ഞമ്മദ് മാസ്റ്റർ<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി | ശ്രീ.പാലോളി മുഹമ്മദ് കുട്ടി<br>(തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി) |
| (എ) സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ മേയ് മാസം അവസാനിക്കുന്നതിനു മുമ്പ് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനു വേണ്ടിയുള്ള തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചു നൽകിയിട്ടുള്ള മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് വഹിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം തന്നെ മെയിന്റനൻസ് ഗ്രാന്റ് നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി എന്തു തുകയാണ് അനുവദിച്ചിട്ടുള്ളത്; | (ബി) കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ജില്ലാ പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയ്ക്ക് കൈമാറിക്കിട്ടിയിട്ടുള്ള സ്കൂളുകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി താഴെപ്പറയും പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) അനുവദിച്ചിട്ടുണ്ട്.<br><br>ഗ്രാമപഞ്ചായത്തുകൾ - 118,67,93,000/- രൂപ<br>ജില്ലാ പഞ്ചായത്തുകൾ - 33,74,41,000/- രൂപ<br>കോർപ്പറേഷനുകൾ - 15,50,76,000/- രൂപ<br>മുനിസിപ്പാലിറ്റികൾ - 19,67,61,000/- രൂപ<br>ബ്ലോക്ക് പഞ്ചായത്തുകൾ - 23,43,07,000/- രൂപ |
| (സി) അറ്റകുറ്റപ്പണികളുടെ ചുമതല സ്കൂളിലെ പി.ടി.എ യുടെ മേൽനോട്ടത്തിലാണോ നടത്തുന്നത്; | (സി) അറ്റകുറ്റപ്പണികൾ സ്കൂളുകളിലെ പി.ടി.എ യുടെ മേൽനോട്ടത്തിലാണ് നടത്തുന്നത്. |
| (ഡി) മേയ് മാസം അവസാനത്തോടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്. |

Geetha L
സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 325 — 20-03-2007-ൽ മറുപടിക്ക്

## കന്നുകാലി വികസന ബോർഡ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. മുരളി പെരുനെല്ലി | ശ്രീ. സി. ദിവാകരൻ, (ഭക്ഷ്യ, ഭക്ഷ്യവും സിവിൽ സപ്ലൈസും, മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) കന്നുകാലി വികസന ബോർഡ് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | (എ) സംസ്ഥാനത്ത് കന്നുകാലി പ്രജനനത്തിനാവശ്യമായ ഗാഢശീതീകരിച്ച ബീജം, ദ്രവനൈട്രജൻ മറ്റ് സാമഗ്രികൾ എന്നിവ ഉല്പാദിപ്പിച്ച് യഥാസമയം വിതരണം ചെയ്യുക, ആദായകരമായ ക്ഷീരോല്പാദനത്തിന് സഹായകരമാകും വിധം തീറ്റപ്പുൽ കൃഷി വികസിപ്പിക്കുക, മൃഗസംരക്ഷണ മേഖലയിലും തീറ്റപ്പുൽ കൃഷി മേഖലയിലും പ്രവർത്തിക്കുന്ന കർഷകർക്കും ടെക്നീഷ്യന്മാർക്കും പരിശീലനം നൽകുക, ശാസ്ത്രീയമായ പ്രജനനത്തിലൂടെയും ജനിതക തെരഞ്ഞെടുപ്പുകളിലൂടെയും മേൽത്തരം മലബാറി ആടുകളേയും മേൽത്തരം പന്നിക്കുഞ്ഞുങ്ങളെയും ഉല്പാദിപ്പിച്ച് വിതരണം ചെയ്യുക, തുടങ്ങിയവക്കു പുറമേ പ്രമിയം വിത്തുകാള പദ്ധതി, ഗോരേഖാ പദ്ധതി, ഗോസുരക്ഷാ പദ്ധതി, ക്ഷീരധാര പദ്ധതി തുടങ്ങിയവയും നടപ്പാക്കി വരുന്നു. |
| (ബി) ഉല്പാദനക്ഷമത കൂടിയ കന്നുകാലികളുടെ പ്രജനനം, തീറ്റപ്പുൽ വിത്തുൽപ്പാദനം, ബീജശേഖരണവും, സങ്കര പ്രജനവും തുടങ്ങിയ രംഗങ്ങളിൽ ബോർഡ് കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വ്യക്തമാക്കുമോ; | (ബി) ഗാഢശീതീകരിച്ച ബീജ മാത്രകളുടെ ഉൽപ്പാദനം 2006-07-ൽ ജനുവരി വരെ 29.01 ലക്ഷവും വിതരണം 13.03 ലക്ഷവുമായിരുന്നു. കൂടാതെ 2867 ബീജധാനകേന്ദ്രങ്ങളും 35.50 ടൺ തീറ്റപ്പുൽ വിത്തുല്പാദനവും, 17 ടൺ വിതരണവും ചെയ്യുകയുണ്ടായി. 4629 എണ്ണം പന്നിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുകയും ചെയ്തു. |
| (സി) ബോർഡിന്റെ പ്രവർത്തന മേഖല വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്? | ഉണ്ട്. മാട്ടുപ്പെട്ടിയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക, മാട്ടുപ്പെട്ടിയിൽ തന്നെ ഒരു " മോഡൽ ലൈവ്സ്റ്റോക്ക് വില്ലേജ് " തുടങ്ങുക, ഗുണമേന്മ കൂടിയ വിത്തുകാളകൾ, ബീജം, ഭ്രൂണം എന്നിവ ഇറക്കുമതി ചെയ്യുക, തുടങ്ങിയവയാണ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 326 20-3-2007 -ൽ മറുപടിക്ക്

## മാവേലി, ലാഭം സ്റ്റോറുകളിലെ ഡോർ ഡെലിവറി സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.വി. ശശികുമാർ | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സപ്ലൈകോയുടെ മാവേലി, ലാഭം സ്റ്റോറുകളിൽ നിന്നും ലഭിക്കുന്ന എല്ലാ സാധനങ്ങളും ഉപഭോക്താക്കളുടെ വീടുകളിൽ എത്തിക്കുന്ന ഡോർ ഡെലിവറി പദ്ധതി സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആരംഭിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ആദ്യം ഏതെല്ലാം സ്ഥലങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് ; | (ബി) സംസ്ഥാനത്തെ 30 പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ പൈലറ്റ് പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഡോർ ഡെലിവറിക്ക് പ്രത്യേക സർവീസ് ചാർജ്ജ് ഈടാക്കുമോ ; | (സി) ഇല്ല. |
| (ഡി) സാധനങ്ങളുടെ വിതരണത്തിന് ആവശ്യമായ തൊഴിലാളികളെ നിയമിക്കുന്നതുൾപ്പെടെ കാര്യങ്ങളിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ? | (ഡി) 35 വയസിൽ താഴെ പ്രായമുള്ള എസ്.എസ്.എൽ.സി. പാസായ ഓട്ടോറിക്ഷ ഡ്രൈവിംഗ് ലൈസൻസുള്ള (ഓട്ടോറിക്ഷ സ്വന്തമായിട്ടുള്ളവർക്ക് മുൻഗണന) കുടുംബശ്രീ-യിൽ അംഗമായിട്ടുള്ള സ്ത്രീകളെ ഈ പദ്ധതിയിലേക്ക് തെരഞ്ഞെടുത്ത് അതാത് പഞ്ചായത്ത്/നഗരസഭയുടെ പരിധിയിൽ വരുന്ന |

പ്രദേശങ്ങളിൽ നിന്നും, പ്രതിമാസം കുറഞ്ഞത് 100 വീടുകളിൽ നിന്നുമായി 50,000/- രൂപയുടെ ഫാമിലി കാർഡുകളും, വിവാഹം, ഉത്സവം, എന്നീ ആവശ്യങ്ങൾക്കായും ഹോസ്റ്റൽ, ഹോട്ടൽ, ആശുപത്രി തുടങ്ങിയ സ്ഥാപനങ്ങൾക്കായും ഒരു ലക്ഷം രൂപയുടെ ബൾക്ക് സെയിൽ കാർഡുകൾ ക്യാൻവാസ് ചെയ്ത് എത്തിന് സൗകര്യപ്രദമാം വിധത്തിൽ അനുവദിച്ചിട്ടുള്ള സപ്ലൈകോ ഔട്ട് ലെറ്റുകളിൽ നിന്നും സാധനങ്ങൾ എടുത്ത് ബന്ധപ്പെട്ട സ്ഥലങ്ങളിൽ വിതരണം നടത്തുന്നതാണ്. വിതരണം ചെയ്ത സാധനങ്ങളുടെ വില എത്തിന് പിറ്റേ ദിവസം ബന്ധപ്പെട്ട ബാങ്കിലോ ഔട്ട്ലെറ്റിലോ അടയ്ക്കേണ്ടതാണ്. കമ്മീഷനായി മാവേലി സാധനങ്ങൾക്ക് 2% ഉം, നോൺ മാവേലി സാധനങ്ങൾക്ക് 3% ഉം, സപ്ലൈകോ ഉത്പന്നങ്ങൾക്ക് 6% ഉം സപ്ലൈകോയുടെ ചില്ലറ വില്പന വിലയിൽ നിന്ന് ഇവർക്ക് നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യംനം.*327

20.03.07-ൽ മറുപടിക്ക്

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ബോധവൽക്കരണം

ചോദ്യം

ശ്രീ. എ.എ.അസീസ്:
ശ്രീ.കോവൂർ കുഞ്ഞുമോൻ:

ഉത്തരം

ശ്രീ.പാലോളി മുഹമ്മദ് കുട്ടി
(തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വിവിധ കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളെപ്പറ്റി അവയുടെ ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിന് , ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത് ;

(എ) റൂറൽ ഇൻഫർമേഷൻ ബ്യൂറോ എന്ന പ്രചാരണ സ്ഥാപനവും, അതിന്റെ പ്രസിദ്ധീകരണമായ ഗ്രാമഭൂമിയും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പരിശീലന -ബോധവൽക്കരണ ക്യാമ്പുകളും, അടങ്ങുന്ന സംവിധാനമാണ് നിലവിലുള്ളത്.

(ബി) ഇത്തരം പദ്ധതികളെപ്പറ്റിയുള്ള അറിവില്ലായ്മ പദ്ധതി പൂർത്തീകരണത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇല്ല

| | |
|---|---|
| (സി) പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ ? | (സി) പദ്ധതി പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളെ ബോധവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 328

20-03-2007-ൽ
മറുപടിക്ക്

## ചെലവു പരിധി ഉയർത്തൽ

**ചോദ്യം**

ശ്രീ. യു. സി. രാമൻ
,, കെ. കുട്ടി അഹമ്മദ് കുട്ടി
,, വി. കെ. ഇബ്രാഹിം കുഞ്ഞ്

**ഉത്തരം**

ശ്രീ. പാലോളി മുഹമ്മദ് കുട്ടി
തദ്ദേശ സ്വയംഭരണവും
ഗ്രാമ വികസനവും വകുപ്പുമന്ത്രി

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവനുവാദവും ധനാഭ്യാനുമതിയും സർക്കാർ നൽകുന്നത് ഏത് നിയമങ്ങൾ പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, കേരള മുനിസിപ്പൽ നിയമം, ബന്ധപ്പെട്ട നിയമങ്ങൾ ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചെലവനുവാദവും ധനാഭ്യാനുമതിയും നൽകുന്നത്.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചെലവുപരിധി നിർണ്ണയിച്ച് സർക്കാർ ഇറക്കിയിട്ടുള്ള ഉത്തരവുകൾ ലഭ്യമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്തുകൾക്ക് അസാധാരണ ചെലവുകൾ നടത്തുന്നതിനുള്ള വാർഷിക പരിധി ഒരു ലക്ഷം രൂപയായി നിശ്ചയിച്ചുകൊണ്ട് 16-2-06-ലെ ജി. ഒ. (എം. എസ്) 58/06/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അടക്കം ചെയ്യുന്നു)

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പദ്ധതികൾക്കായി സർക്കാരിന്റെ പ്രത്യേക അനുമതിയോടെ ചെലവു പരിധിക്കധികമായ തുകകൾ ചെലവഴിക്കുന്ന സാഹചര്യത്തിൽ ചെലവു പരിധി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യഥേഷ്ടാനുമതിയും ചെലവനുവാദവും നൽകി എത്ര ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നതിന്റെ ഇനംതിരിച്ച കണക്ക് ലഭ്യമാക്കുമോ ?

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യഥേഷ്ടാനുമതി നൽകി കൊണ്ടുള്ള ഉത്തരവുകൾ 40 ഉം ചെലവ് അനുവാദം നൽകി കൊണ്ടുള്ള ഉത്തരവുകൾ 95 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയം ഭരണവകുപ്പ് – ഗ്രാമപഞ്ചായത്തുകൾ – അസാധാരണ ചെലവുകൾ പൊതു പരിധിക്ക് വിധേയമായി വഹിക്കൽ – മുൻകൂർ അനുവാദം നൽകി കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയം ഭരണ (എൻ) വകുപ്പ്

സ.ഉ. (എം. എസ്) 58/06/തസ്വഭവ          തിരുവനന്തപുരം, തീയതി 16.2. 2006

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 213, ഉപവകുപ്പ് (4) അനുസരിച്ച് ഗ്രാമപഞ്ചായത്തിന് :-

(i) പഞ്ചായത്ത് സമ്മേളനങ്ങൾക്കോ പഞ്ചായത്ത് അസോസിയേഷന് സംഭാവന നൽകുന്നതിനോ;

(ii) വിശിഷ്ട വ്യക്തികൾക്ക് സ്വീകരണം നൽകുന്നതിനോ പൊതു പ്രാധാന്യം സംഘടിപ്പിക്കുന്നതിനോ പൊതു ചടങ്ങുകളോ വിനോദ പരിപാടികളോ നടത്തുന്നതിനോ;

(iii) നിയമങ്ങളിലും ചട്ടങ്ങളിലും എടുത്തു പറഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ ചെയ്യുന്നതിനോ;

മുൻപറഞ്ഞ നിബന്ധനപ്രകാരം ചെലവ് അനുവാദം നൽകാവുന്നതാണ്. പ്രസ്തുത ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള പ്രകാരം നിബന്ധന അനുസരിച്ച് ഇത്തരം ചെലവിന്റെ വാർഷിക മൊത്ത തുക സർക്കാർ നിശ്ചയിക്കുന്ന പരിധിയിൽ കവിയാൻ പാടില്ലാത്തതാണ്. എന്നാൽ ഇക്കാര്യത്തിൽ പ്രത്യേക പരിധിയോ പൊതുപരിധിയോ നിശ്ചയിച്ചുകൊണ്ട് ചട്ടങ്ങൾ ഇതുവരെ വന്നിട്ടില്ല.

മേൽപ്പറഞ്ഞ സാഹചര്യങ്ങൾ കണക്കിലെടുത്തും താഴെകാണ വിശദീകരിക്കുന്ന ആവശ്യങ്ങളുടെ അനിവാര്യതയും ഗ്രാമപഞ്ചായത്തുകൾ മേൽ പറഞ്ഞ അസാധാരണ ചെലവുകൾ തനത് ഫണ്ടിൽനിന്നുള്ള മിച്ച ഫണ്ടിന്റെ ഇരുപത് ശതമാനം വരെയും എന്നാൽ ഒരു ലക്ഷം രൂപയിൽ കവിയാതെയും വഹിക്കുന്നതിന് വാർഷിക പരിധി നിശ്ചയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

1. കലാ–സാംസ്കാരിക മേളകളും കായിക വിനോദവും
2. വിജയികൾക്കുള്ള സമ്മാനദാനം
3. പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചടങ്ങുകൾ
4. പഞ്ചായത്തിന് പാവങ്ങൾക്കുള്ള ചികിത്സാസഹായ, സൗജന്യ ചികിത്സാ ക്യാമ്പുകൾ
5. [illegible] സമിതി സംഘടിപ്പിക്കുന്ന [illegible] ക്യാമ്പുകൾ
6. കലാ–സാംസ്കാരിക പ്രവർത്തനങ്ങൾ
7. പഞ്ചായത്ത് ആസ്തികളുടെ ഉദ്ഘാടനം
8. കുടുംബശ്രീ/എൻ.എസ്.എസ്. സംഘടിപ്പിക്കുന്ന പരിപാടികൾ
9. പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ പരിസ്ഥിതി ക്ലബുകളും അംഗീകൃത സംഘടനകളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംഘടിപ്പിക്കുന്ന പരിപാടികൾ
10. സർക്കാരും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടത്തുന്ന മറ്റു ചടങ്ങുകൾ

6. [illegible]

1. [illegible] (General Purpose Grant) [illegible]

2. [illegible]

3. [illegible]

4. [illegible]

5. [illegible]

6. [illegible]

7. [illegible]

ഈ ഉത്തരവ് ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചട്ടങ്ങൾ പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പ്രസിഡന്റുമാർ മുഖേന)
പഞ്ചായത്ത് ഡയറക്ടർ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 329 — 20-3-2007 - ൽ മറുപടിക്ക്

**പൊതു റാങ്ക് ലിസ്റ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. എം. ഹംസ. | വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ | വിവിധ തസ്തികകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | എ | വിവരണാത്മക പരീക്ഷകൾക്കു പകരം ഒബ്ജക്ടീവ് ടൈപ്പ് പരീക്ഷകൾ കൂടുതലായി നടത്തിയും, ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം ഒ. എം. ആർ. സംവിധാനത്തിലൂടെ ആക്കിയും റിക്രൂട്ട്മെൻറ് നടപടികളിൽ സുതാര്യതയും കൃത്യതയും വേഗതയും ഉറപ്പുവരുത്തിയിട്ടുണ്ട് |
| ബി | സമാന തസ്തികകളിലേയ്ക്ക് പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | ബി | ഉണ്ട്. |
| സി | എങ്കിൽ ഏതെല്ലാം തസ്തികകളിലേക്കാണ് പൊതു റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ ഉദ്ദേശിക്കുന്നത്; | സി+ ഡി | യോഗ്യത, വയസ്, ശമ്പളസ്കെയിൽ എന്നിവയിൽ സമാനതയുള്ള തസ്തികകളെയാണ് പൊതുറാങ്ക്ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നത്. |
| ഡി | ഈ തസ്തികകളിലേക്ക് അപേക്ഷിക്കുന്നതിനുള്ള വയസ്, യോഗ്യത, ശമ്പളസ്കെയിൽ എന്നിവ ഏകീകരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 330 20-3-2007 -ൽ മറുപടിക്ക്

**സിവിൽ സപ്ലൈസ് കോർപ്പറേഷൻ സ്റ്റോറുകളിലെ സാധനങ്ങളുടെ വില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) | |
| (എ) | മാവേലി സ്റ്റോറുകൾ, നീതി സ്റ്റോറുകൾ, ലാഭം മാർക്കറ്റ്, ശബരി സ്റ്റോറുകൾ എന്നിവിടങ്ങളിലെ വിറ്റുവരവ് കൂടിയിട്ടുണ്ടോ ; എങ്കിൽ മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര ശതമാനം കൂടിയിട്ടുണ്ട് ; | (എ) | ഉണ്ട്. സപ്ലൈകോയുടെ മാവേലി സ്റ്റോർ, ലാഭം മാർക്കറ്റ് , ശബരി സ്റ്റോർ എന്നിവിടങ്ങളിൽ 35.46% -ന്റെയും, നീതി സ്റ്റോറുകളിൽ 20% -ന്റെയും വിറ്റുവരവ് വർദ്ധനവ് ഫെബ്രുവരി 2007 - ലെ കണക്കനുസരിച്ച് ഉണ്ടായിട്ടുണ്ട്. |
| (ബി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) | നിത്യോപയോഗ സാധനങ്ങളുടെ വില നിശ്ചയിക്കുന്നത് സർക്കാരാണ്. |
| (സി) | ഏറ്റവും ഒടുവിൽ മാവേലി സ്റ്റോറുകളിലെ വില വർദ്ധിപ്പിച്ചത് എന്നാണെന്ന് വെളിപ്പെടുത്തുമോ ? | (സി) | 25-9-2006 - ന് ശേഷം വർദ്ധിപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ